# ദി ഡിഫെൻഡർ

Vol. No. 9 Issue No. 2 RNI Reg. No. 68089 / 97 Published From Perumbavoor 2006 JANUARY 16


# കുര്യൻ കുഴപ്പമുണ്ടാക്കിയാൽ നടപടി എടുക്കാം

കുമ്പനാട് കൺവെൻഷനിൽ കെ.പി.കുര്യൻ പ്രശ്നമുണ്ടാക്കിയാൽ നടപടി എടുക്കാം. ഐ.പി.സി. വാദിയും കെ.പി.കുര്യൻ പ്രതിയുമായി ഹൈക്കോടതിയിൽ കഴിഞ്ഞയാഴ്ച ഫയൽ ചെയ്യപ്പെട്ട കേസ്സിലാണ് ഈ വിധി ഉണ്ടായിരിക്കുന്നത്.

കെ.പി.കുര്യൻ മഹാകുഴപ്പക്കാരനാണെന്നും ഐ.പി.സിയിൽ നിന്ന് പുറത്താക്കപ്പെട്ട വ്യക്തിയാണെന്നും കുമ്പനാട് കൺവെൻഷനിൽ കുഴപ്പം ഉണ്ടാക്കുമെന്നും ഉള്ള നിലപാടാണ് ഐ.പി.സി. എടുത്തത്. ഈ കാരണങ്ങളാൽ കുര്യനെ കുമ്പനാട് കൺവെൻഷനിൽ പങ്കെടുക്കുന്നതിൽ നിന്ന് വിലക്കണമെന്ന് ആവശ്യപ്പെട്ടാണ് ഐ.പി.സി. നേതാക്കൻമാർ കോടതിയെ സമീപിച്ചത്. പൊതുജനങ്ങൾക്കും പങ്കെടുക്കാവുന്ന യോഗമായതിനാൽ കുര്യനും യോഗത്തിൽ പങ്കെടുക്കാം.

ഐ.പി.സിയിൽ നിന്നും പുറത്താക്കിയതിനെതിരെ കുര്യൻ തിരുവല്ല മുൻസിഫ് കോടതിയിൽ കൊടുത്ത കേസ്സിൽ തീർപ്പുണ്ടായിട്ടില്ല. അതുകൊണ്ട് പ്രശ്നം ഇപ്പോഴും നിലനിൽക്കുന്നു. കുമ്പനാട് കൺവെൻഷനിൽ കുര്യൻ നോട്ടീസ് വിതരണം നടത്തുകയോ മറ്റ് വിധത്തിൽ പ്രശ്നങ്ങൾ ഉണ്ടാക്കുകയോ ചെയ്യുമെന്ന് സഭാനേതൃത്വം ഭയപ്പെട്ടിരുന്നു. അതുകൊണ്ടാണ് കേസ്സ് കൊടുത്തത്.

കഴിഞ്ഞ കൺവെൻഷനിൽ പ്രസംഗിച്ച വിദേശി ഐ.പി.സിക്ക് സംഭാവനയായി നൽകിയ ഒരുലക്ഷം ഡോളർ ടി.എസ്.ഏബ്രഹാമും കൂട്ടരും തട്ടിയെടുത്തത് പ്രശ്നത്തിന് കാരണമായിട്ടുണ്ട്. വിസിറ്റിംഗ് വിസയിൽ എത്തുന്ന വിദേശികൾ കൺവെൻഷനിൽ പ്രസംഗിക്കുന്നത് ഒഴിവാക്കേണ്ട സ്ഥിതി ഇതുമൂലമുണ്ടായിരിക്കയാണ്. വൽസൻ തമ്പുരാൻ കെട്ടിഎഴുന്നെള്ളിച്ചു കൊണ്ടുവന്നിരിക്കുന്ന വിദേശികൾ വിസിറ്റിംഗ് വിസയിലാണ് വന്നിരിക്കുന്നതെങ്കിൽ പ്രസംഗിക്കാൻ പറ്റുമെന്ന് തോന്നുന്നില്ല.

ടി.എസ്.ബാലനെ ഒതുക്കാനായി ടി.എസ്.ഏബ്രഹാം വളർത്തിക്കൊണ്ടു വന്ന കെ.പി. കുര്യൻ ഇപ്പോൾ ടി.എസ്.ഏബ്രഹാമിനെതിരെ തിരിഞ്ഞിരിക്കയാണ്. ബാലൻ പറഞ്ഞുകൊണ്ടിരുന്നതെല്ലാം ശരിയാണെന്ന് കാലം തെളിയിച്ചിരിക്കുന്നു. ഇത് ദൈവീക ന്യായവിധിയാണ്. ബാലനെതിരെ കുര്യൻ ആരംഭിച്ച മില്ലേനിയം വോയീസ് എന്ന പത്രത്തിൽ ഇപ്പോൾ ടി.എസ്.ഏബ്രഹാമിന്റെ ലീലാവിലാസങ്ങളാണ് നിറഞ്ഞു നിൽക്കുന്നത്. ടി.എസ്. ഏബ്രഹാം കഴിഞ്ഞ അഞ്ചു വർഷമായി വിതച്ചുകൊണ്ടിരുന്നത് ഇപ്പോൾ കൊയ്യുകയാണ്.

കുര്യൻ പ്രശ്നം അത്ര പെട്ടെന്ന് തീരുന്ന മട്ടില്ല. കുര്യനെ ഐ.പി.സിയിൽ നിന്ന് പുറത്താക്കിയിരിക്കയാൽ കുര്യന് പകരം മറ്റൊരു പാസ്റ്ററെ ആവശ്യപ്പെട്ട് വിശ്വാസികൾ സഭാനേതൃത്വത്തിന് കത്തുകൊടുത്തിരുന്നു. അതനുസരിച്ച് കുര്യന് പകരമായി ആമല്ലൂർ സഭയിൽ നിയമിക്കപ്പെട്ട പാസ്റ്റർ ചുമതല ഏൽക്കാൻ ധൈര്യപ്പെട്ടിട്ടില്ല. കൂടാതെ, ഏതാനും മാസത്തിനകം ഐ.പി.സിയിൽ തെരഞ്ഞെടുപ്പ് നടക്കേണ്ടതുകൊണ്ട് പ്രശ്നം രൂക്ഷമാകാനാണ് സാദ്ധ്യത.

# മെയിലിംഗ് ലിസ്റ്റ് പുതുക്കുന്നു

ഡിഫെൻഡറിന്റെ മെയിലിംഗ് ലിസ്റ്റ് പുതുക്കുകയാണ്. 2005 ഡിസംബർ 31 വരെയുള്ള കുടിശികക്കാരെയാണ് ഒഴിവാക്കുന്നത്.

ഡിഫെൻഡർ ആദ്യ കാലങ്ങളിൽ തികച്ചും സൗജന്യമായാണ് അയച്ചിരുന്നത്. അന്ന് മാസത്തിൽ നാലു പേജ് മാത്രമുള്ള ഒരു ചെറിയ പത്രമായിരുന്നു ഡിഫെൻഡർ. അതുകൊണ്ട് സൗജന്യമായി കൊടുക്കാൻ കഴിഞ്ഞിരുന്നു. ഇപ്പോൾ അതല്ല സ്ഥിതി. ഡിഫെൻഡർ ഇന്ന് ഒരു ദ്വൈവാരികയാണ്. മാത്രമല്ല, മാസത്തിൽ 16 പേജുമുണ്ട്. അതുകൊണ്ട് ഉല്പാദനച്ചെലവ് ഗണ്യമായി വർദ്ധിച്ചിരിക്കയാണ്. ഈ കാരണത്താൽ ഡിഫെൻഡർ സൗജന്യമായി അയയ്ക്കാൻ പറ്റില്ല.

മിക്ക പെന്തക്കോസ്ത് പത്രങ്ങളും പിടിച്ചു നിൽക്കുന്നത് പരസ്യത്തിൽ നിന്നുള്ള വരുമാനം കൊണ്ടാണ്. പക്ഷേ പെന്തക്കോസ്തിലെ വിശുദ്ധൻമാർ ഡിഫെൻഡറിന് പരസ്യം തരില്ല. ഡിഫെൻഡറിനെ ഏതെങ്കിലും വിധത്തിൽ സഹായിച്ചാൽ ദൈവകോപമുണ്ടാകുമെന്നും നരകത്തിൽ പോകുമെന്നുമാണ് അവരുടെ വിശ്വാസം.

ഭൂരിപക്ഷം പെന്തക്കോസ്ത് പത്രങ്ങൾക്കും വിദേശ സഹായം ലഭിക്കുന്നുണ്ട്. വിദേശത്തുള്ള ഏതാനും വരിക്കാർ നൽകുന്ന വരിസംഖ്യയല്ലാതെ മറ്റൊരുവിധത്തിലുള്ള വിദേശ സഹായവും ഡിഫെൻഡറിന് ലഭിക്കുന്നില്ല. അതുകൊണ്ട് സാമ്പത്തികമായി വലിയ ബുദ്ധിമുട്ട് അനുഭവിക്കുന്ന പത്രമാണ് ഡിഫെൻഡർ.

ഡിഫെൻഡർ അടിക്കാനുള്ള ന്യൂസ്പ്രിന്റ് വാങ്ങാനും പത്രം അയയ്ക്കാനുള്ള സ്റ്റാമ്പ് വാങ്ങാനും ആവശ്യമായ പണമെങ്കിലും ലഭിക്കാതെ ഡിഫെൻഡർ ഇറക്കാനാവില്ല. അതുകൊണ്ട് 2005 ഡിസംബർ 31 വരെയുള്ള വരിസംഖ്യയെങ്കിലും നൽകാത്തവർക്ക് ഫെബ്രുവരി മുതൽ ഡിഫെൻഡർ ലഭിക്കുന്നതല്ല. കുടിശികയുള്ളവരെ കത്തയച്ച് അറിയിക്കുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. അതുകൊണ്ട് ആർക്കും കത്തയയ്ക്കുന്നതല്ല. വരിസംഖ്യ മണിയോർഡറായി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

**T.S.Balan, The Defender, Near: KSRTC,**
**Perumbavoor P.O., Ernakulam Dist., Pin. 683 542**

# ഇനിയെങ്കിലും ചാനൽ തുടങ്ങരുതോ കെ.സീ.?

ചവർ ചാനൽ തുടങ്ങാൻ ഇനിയെന്താണ് തടസ്സം? സർക്കാരിന്റെ അനുവാദം കിട്ടിയില്ല എന്ന പല്ലവിയാണ് ഇതുവരെ കേട്ടിരുന്നത്. ഇപ്പോൾ അതും കിട്ടിയിരിക്കുന്നു. ഇനി തുടങ്ങിയാൽ പോരേ?

ഫെബ്രുവരിയിൽ ഉദ്ഘാടനം ചെയ്യും എന്നാണ് ഇപ്പോൾ കേൾക്കുന്നത്. ഇത്തവണയെങ്കിലും പിതൃശൂന്യത കാണിക്കില്ലെന്ന് പ്രതീക്ഷിക്കാം. ഡൽഹിയിൽ ഒരു ഉദ്ഘാടനം, കേരളത്തിൽ മറ്റൊരു ഉദ്ഘാടനം എന്നിങ്ങനെയാണ് പദ്ധതി എന്നും കേട്ടു. എന്തിന് രണ്ടിൽ നിർത്തണം? ഓരോ സ്റ്റേറ്റിലും ഓരോ ഉദ്ഘാടനം വീതം ആകാം. കൂടാതെ ഗൾഫിലെ ഓരോ രാജ്യത്തും ഓരോന്ന്, അമേരിക്ക, കാനഡ, ബ്രിട്ടൺ തുടങ്ങിയ രാജ്യങ്ങളിൽ കുറഞ്ഞപക്ഷം ഒന്നു വീതം എന്നിങ്ങനെ ഉദ്ഘാടനം നടത്താം. പരമാവധി വാർത്താപ്രാധാന്യം കിട്ടട്ടെ. ഇങ്ങനെയൊരു ചാനൽ ഉണ്ടായിരുന്നു എന്ന് വരുംതലമുറ ഓർക്കാൻ ഇത് ഉപകരിക്കും.

കെ.സി.ജോൺ, മാത്യൂസ് ചാക്കോ, ബാബു ജോർജ്, ആർ.ഏബ്രഹാം തുടങ്ങിയ മഹാൻമാരാണ് നേതൃസ്ഥാനത്തുള്ളത്. ചാനൽ നടത്തുന്നതിനേക്കുറിച്ച് അല്പമെങ്കിലും അറിവുള്ള ആരും തലപ്പത്തില്ല എന്നു ചുരുക്കം. (മോഷ്ടിക്കുക, പ്രസംഗിക്കുക, വ്യഭിചരിക്കുക തുടങ്ങി എന്തെങ്കിലുമൊക്കെയാണ് ചെയ്യേണ്ടതെങ്കിൽ ഇവർ മതിയാകുമായിരുന്നു).

ചില ചാനലുകളിൽ നിന്ന് ജോലിക്കാരെ തട്ടിയെടുത്ത് പ്രോഗ്രാം തയ്യാറാക്കി വരുന്നു എന്നതാണ് ഏക പുരോഗതി. ഈ ചങ്ങാതിമാർ മേല്പടി പൊട്ടൻമാരെ ശരിക്ക് കബളിപ്പിക്കുന്നുണ്ടെന്നതാണ് മറ്റൊരു വിശേഷം. പക്ഷേ 24 മണിക്കൂർ തുടർച്ചയായി കാണിക്കാനുള്ള പ്രോഗ്രാം വേണം. 365 ദിവസവും ഇത് തുടരണം. കെ.സി.ജോണും കൂട്ടരും എത്ര നെട്ടോട്ടമോടിയാലും അത് നടക്കുമെന്ന് തോന്നുന്നില്ല.

ഈ ചാനലിന്റെ ഭാവി എന്തായിരിക്കുമെന്ന് ഡിഫെൻഡർ പലവട്ടം പറഞ്ഞിട്ടുള്ളതാണ്. എങ്കിലും വീണ്ടും പറയാം:

1. വളരെ ആഘോഷമായി ഉദ്ഘാടനം നടത്തും. സകല പെന്തക്കോസ്ത് പത്രങ്ങളും സ്തുതിപാടും.
2. ചില്ലറ കുഴപ്പങ്ങളൊക്കെ ഉണ്ടാകുമെങ്കിലും ആദ്യത്തെ ചില മാസങ്ങളിൽ ചാനൽ പ്രവർത്തിക്കും. സംഗതി വിജയിച്ചു എന്നു പോലും തോന്നിപ്പോകും.
3. ഏറെ താമസിയാതെ കുഴപ്പങ്ങൾ ആരംഭിക്കും. പ്രാഗ്രാം ഇല്ല, ഉള്ളതിന് നിലവാരമില്ല, ശമ്പളം കൊടുക്കാൻ പോലും പണമില്ല തുടങ്ങി പല പ്രശ്നങ്ങളുണ്ടാകും.
4. വലിയൊരു തുക കടം മിച്ചം വെച്ചുകൊണ്ട് ഒടുവിൽ ചാനൽ അന്ത്യശ്വാസം വലിക്കും.

## ടി.എസ്.ഏബ്രഹാം ആശുപത്രി വിട്ടു

ഐ.പി.സി. ജനറൽ പ്രസിഡന്റായ ടി.എസ്.ഏബ്രഹാമിന്റെ ആരോഗ്യസ്ഥിതി അല്പം മെച്ചപ്പെട്ടു. അദ്ദേഹം ഇപ്പോൾ ഹെബ്രോൻ ബംഗ്ലാവിൽ വിശ്രമിക്കയാണ്. പൂർണ്ണ ആരോഗ്യം വീണ്ടുകിട്ടിയിട്ടില്ല.

പരസഹായം കൂടാതെ എഴുന്നേൽക്കുന്നതിനും നടക്കുന്നതിനും ബുദ്ധിമുട്ടുണ്ട്. സംസാരിക്കുന്നതും വളരെ ബുദ്ധിമുട്ടിയാണ്. അതുകൊണ്ട് കുമ്പനാട് കൺവെൻഷനിൽ സജീവമായി പങ്കെടുക്കാൻ കഴിയുകയില്ല. എങ്കിലും ഉദ്ഘാടനം, സമാപനം എന്നിവയിലെങ്കിലും പങ്കെടുപ്പിക്കാനുള്ള ശ്രമം നടക്കുകയാണ്.

## വീട്ടിലൊരു ബൈബിൾ സ്ക്കൂൾ: ആറാം സി.ഡി. തയ്യാറാകുന്നു

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കിവരുന്ന 10 സി.ഡി.കളിൽ ആറാമത്തേത് തയ്യാറായിവരുന്നു. ബൈബിൾ വ്യാഖ്യാനിക്കേണ്ടതെങ്ങനെ എന്ന വിഷയമാണ് ഈ സി.ഡിയിൽ വിശദീകരിക്കുന്നത്.

അഞ്ചാമത്തെ സി.ഡിയുടെ റിക്കാഡിംഗ് പൂർത്തിയായി. എഡിറ്റിംഗ് പുരോഗമിക്കുന്നു. പ്രധാന ലോക മതങ്ങളേക്കുറിച്ചുള്ള പഠനങ്ങളാണ് ഈ സി.ഡിയിൽ ഉള്ളത്. ആറാമത്തെ സി.ഡിയോടൊപ്പം ഈ സി.ഡി. ഫെബ്രുവരി ആദ്യ ആഴ്ചയിൽ അയയ്ക്കും.

നാലാമത്തെ സി.ഡി. പുറത്തിറങ്ങി. പണം അടച്ചവർക്ക് സി.ഡി. അയച്ചുകഴിഞ്ഞു. ക്രൈസ്തവ സഭകളിൽ നിലനിൽക്കുന്ന പ്രധാന ദുരുപദേശങ്ങളേക്കുറിച്ചാണ് ഈ സി.ഡിയിൽ വിശദീകരിക്കുന്നത്. പരിശുദ്ധാത്മ ശാസ്ത്രം, ദുരാത്മശാസ്ത്രം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളെല്ലാം മൂന്നാമത്തെ സി.ഡിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന വേദോപദേശങ്ങളാണ് ആദ്യ സി.ഡിയിൽ ഉള്ളത്. കൾട്ടുകളേക്കുറിച്ചുള്ള പഠനങ്ങളാണ് രണ്ടാമത്തെ സി.ഡിയുടെ ഉള്ളടക്കം.

ഏതെങ്കിലും ഒരു സി.ഡി. ആവശ്യമുള്ളവർ 100 രൂപ മണിയോഡർ അയച്ചാൽ മതിയാകും. ആദ്യത്തെ ആറു സി.ഡികൾക്ക് 600 രൂപ അയയ്ക്കുക. പത്തു സി.ഡികൾ അടങ്ങിയ ഒരു സെറ്റിന് 1000 രൂപയാണ് വില. ഇപ്പോൾ പണം അടയ്ക്കുന്നവർ 900 രൂപ നൽകിയാൽ മതിയാകും. വിദേശത്തുള്ളവർ ദയവായി ഇന്ത്യയിലുള്ള ഒരു വിലാസവും ഫോൺ നമ്പറും അറിയിക്കുക. (വിദേശത്തേക്ക് സി.ഡി. അയയ്ക്കുന്നത് വലിയ പണച്ചെലവുള്ള കാര്യമാണ്).

മണിയോഡർ കൂപ്പണിൽ പൂർണ്ണമായ വിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കണം. സി.ഡി. കുരിയർ സർവ്വീസ് വഴിയാണ് അയയ്ക്കുന്നത്. അതുകൊണ്ട് ഏറ്റവും അടുത്തുള്ള കുരിയർ സർവ്വീസിന്റെ പേരും അറിയിക്കുക.

കൂടുതൽ വിവരങ്ങൾക്ക്: ഫോൺ – 94474 14608

വിലാസം:

**റ്റി.എസ്.ബാലൻ,**
**ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**

ദി ഡിഫെൻഡർ

Vol. No.9 Issue No. 2 2006 January 16

# അടിതെറ്റിയാൽ ആരോഗ്യമന്ത്രിയും വീഴും

അർഹിക്കാത്ത സ്ഥാനമാനങ്ങൾ പലർക്കും ലഭിക്കാറുണ്ട്. പക്ഷേ, അതൊക്കെ അവർ കളഞ്ഞുകുളിച്ചിട്ടേ കസേര വിട്ട് പുറത്തിറങ്ങു. നമ്മുടെ ആരോഗ്യമന്ത്രിയുടെ കാര്യത്തിലും ഇതുതന്നെയാണ് സംഭവിച്ചത്.

ഈ മാന്യദേഹത്തിന് അർഹിക്കാത്ത ബഹുമതിയാണ് ലഭിച്ചത്. ഇങ്ങനെയൊന്ന് ഇനി ജീവിതത്തിൽ എപ്പോഴെങ്കിലും ലഭിക്കും എന്ന് പറയാനുമാവില്ല. അതുകൊണ്ട് പരമാവധി അഴിമതി നടത്തി. അതിന് തുണനിൽക്കുന്ന സ്റ്റാഫിനേയും കൂടെക്കൂട്ടി. അങ്ങനെ മാഷ് സമാധാനപരമായി അഴിമതി നടത്തിക്കൊണ്ടിരിക്കുന്നതിനിടയിലാണ് ഒറിജിനലെന്നോ വ്യാജമെന്നോ പോലും നിശ്ചയമില്ലാത്ത ഒരു പരാതി ലോകായുക്തയിൽ എത്തുന്നതും കള്ളി വെളിച്ചത്താകുന്നതും. പ്രശ്നം ഇത്ര ഗുരുതരമാകുമെന്ന് കരുതിയുമില്ല.

ഏത് അഴിമതിക്കാരനും കൂട്ടു നിൽക്കുന്ന ഒരു മുഖ്യമന്ത്രിയുള്ളതുകൊണ്ട് ഒരളവോളമെങ്കിലും പിടിച്ചു നിൽക്കാനുള്ള ആരോഗ്യം ആരോഗ്യ മന്ത്രിക്ക് ലഭിച്ചു. പിണറായി വിജയന് ഡി.ഐ.സിയെ രക്ഷിക്കുക എന്ന ഭാരിച്ച ജോലി ചെയ്തുതീർക്കാനുള്ളതുകൊണ്ട് ആരോഗ്യമന്ത്രിക്കെതിരെ ഫലപ്രദമായി പ്രതികരിക്കാൻ കഴിഞ്ഞതുമില്ല. ഡി.വൈ.എഫ്.ഐ. പിള്ളേർ കോലാഹലം വെച്ചതു മാത്രമാണ് മന്ത്രിക്ക് തലവേദനയായത്.

പക്ഷേ, ഓർക്കാപ്പുറത്താണ് ടെലിഫോൺ സംഭാഷണം ചോർന്നതും അത് കൈരളി/പീപ്പിൾ ചാനലുകൾ പ്രക്ഷേപണം ചെയ്തതും. എന്തു മറുപടി പറയണമെന്നറിയാതെ മന്ത്രി കുഴഞ്ഞു. എന്തും നിഷേധിക്കുക എന്നത് രാഷ്ട്രീയക്കാരുടെ ജൻമവാസനയാണെങ്കിലും ഇത്തവണ നിഷേധിക്കാനുള്ള തന്റേടം പോലും മന്ത്രിക്കുണ്ടായില്ല. മന്ത്രിയെ രക്ഷിക്കാൻ മുഖ്യമന്ത്രി തയ്യാറായിരുന്നെങ്കിലും കുറ്റം നിഷേധിക്കാതിരുന്നതുകൊണ്ട് അതു നടക്കാതെപോയി. അങ്ങനെ മന്ത്രി പുറത്തായി.

നിയമപ്രശ്നങ്ങളുടെപേരിൽ യു.ഡി.എഫ്. മന്ത്രിസഭയിൽ നിന്ന് രാജിവെച്ച് പുറത്തുപോകുന്ന മൂന്നാമത്തെ മന്ത്രിയാണിദ്ദേഹം. കുഞ്ഞാലിക്കുട്ടിയും വിശ്വനാഥനുമാണ് മറ്റു രണ്ടുപേർ. ഇവരേക്കാൾ അഴിമതിക്കാരായ മന്ത്രിമാർ ഇപ്പോഴും കസേരയിൽ അള്ളിപ്പിടിച്ചിരുപ്പുണ്ടെന്നതും ശരിതന്നെ. ഇത്ര പച്ചയായി അഴിമതി നടത്തുന്ന ഒരു മന്ത്രിസഭ കേരളത്തിൽ ഇതിനുമുൻപ് ഉണ്ടായിട്ടില്ല.

ഇത്രയുമൊക്കെ ആയിട്ടും മുഖ്യമന്ത്രി പാഠം പഠിക്കുന്നില്ല. വിശ്വനാഥനെ പുറത്താക്കിയത് തെറ്റായിപ്പോയി എന്ന് ഇപ്പോൾ പറയുന്നു. ലോകായുക്തയെ പരിഹസിക്കുന്നു. ജനം ഇതൊക്കെ കാണുന്നുണ്ടെന്നും ഇതിനൊക്കെയുള്ള മറുപടി അസംബ്ലി തെരഞ്ഞെടുപ്പിൽ ഉണ്ടാകുമെന്നും അറിഞ്ഞാൽ നന്ന്.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ആലുവ ആർ.എം.എസ്സിൽ ജില്ല തിരിച്ച് കെട്ടുകളാക്കി കൊടുക്കയാണ് ചെയ്യുന്നത്. കെട്ടുപോലും അഴിക്കാതെ അവർ അത് അയക്കയും ചെയ്യുന്നു. പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ

ഗൾഫ് രാജ്യങ്ങൾ: 800 രൂപ

അമേരിക്ക: 30 ഡോളർ

വിലാസം:

റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,

കെ.എസ്.ആർ.റ്റി.സിക്ക് സമീപം,

പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

ചൊറിച്ചിൽ വരുമ്പോൾ ചൊറിഞ്ഞുകൊടുക്കാൻ നല്ല സുഖമാണെന്ന് കൊച്ചുകുഞ്ഞ് എന്നൊരു ദാർശനികൻ പണ്ട് പറഞ്ഞതായി അറിയാം. ചിലരൊക്കെ അവിടെയും ഇവിടെയും ഇരുന്ന് ചൊറിയുന്നത് ഈ സുഖം മൂലമാകാം. ഏതായാലും ഈ ചൊറിച്ചിൽ കൊണ്ട് ഡി.ഐ.സിക്ക് യാതൊരുവിധ ദോഷവും ഉണ്ടാകാൻ പോകുന്നില്ല എന്ന് ഡി.ഐ.സിയുടെ കാണപ്പെട്ട ദൈവമായ മുരളീധരൻജി പ്രഖ്യാപിച്ചിരിക്കുന്നു. ആരെല്ലാം ചൊറിഞ്ഞാലും ഇനി ഡി.ഐ.സിക്കാർക്ക് ഭയപ്പെടാനില്ല. കാരണം ഡി.ഐ.സി. ആർക്കും അപേക്ഷയൊന്നും കൊടുത്തിട്ടില്ല. പക്ഷേ സംസാരിക്കേണ്ടവരോട് സംസാരിച്ചിട്ടുമുണ്ട്. ഇതൊക്കെ പറയുന്നത് പുത്രൻ തമ്പുരാനായതുകൊണ്ട് ഏതു ഡി.ഐ.സിക്കാരനും വിശ്വസിക്കാം.

കാര്യം ഇങ്ങനെയൊക്കെയാണെങ്കിലും അത്ര നിസ്സാരമല്ലാത്ത ഒരു വൈക്ലബ്യം ഇല്ലാതില്ലെന്നില്ലെന്നില്ല. സി.പി.ഐ. ഇങ്ങനെ തുടങ്ങിയാൽ കാര്യം കുഴയുമോ? അണികൾ കൈവിട്ടു പോകുമോ? ഇടതുമുന്നണിയിൽ കയറിപ്പറ്റാൻ കഴിഞ്ഞില്ലെങ്കിൽ ഉണ്ടാകുന്ന നാണക്കേട് പറഞ്ഞറിയിക്കാൻ വയ്യ. രാജിവെച്ച എം.എൽ.എമാരെയെങ്കിലും കുറഞ്ഞ പക്ഷം അസംബ്ലിയിൽ എത്തിച്ചില്ലെങ്കിൽ പാർട്ടിയുടെ കഥ കഴിയും.

യാത്ര കഴിഞ്ഞിട്ട് മറുപടി പറയാം എന്ന് പിതാവും പുത്രനും പറഞ്ഞിരുന്നു. പക്ഷേ മറുപടിയെന്നു പറയാൻ തക്കതൊന്നും പറഞ്ഞില്ല എന്നതാണ് വാസ്തവം. പിണറായി വിജയനോടല്ലാതെ മറ്റാരോടും സംസാരിക്കയില്ല എന്നൊരു പ്രഖ്യാപനം മാത്രമാണ് നടത്തിയത്. അത് അത്ര മോശം പ്രഖ്യാപനമൊന്നും ആയിരുന്നില്ല, ട്ടോ. സി.പി.എം. ക്യാമ്പിലും ഇടതുമുന്നണിയിലും തമ്മിൽത്തല്ലുണ്ടാക്കാൻ അതിനു കഴിഞ്ഞു.

കോൺഗ്രസ്സിൽ ആയിരുന്ന ആ നല്ലകാലമോർത്ത് ലീഡറും പുത്രനും നെടുവീർപ്പിടുന്നുണ്ടാകാം. അന്നൊക്കെ എന്തും പറയാമായിരുന്നു. ആരും ചോദിക്കാനില്ല. ചോദിച്ചാൽ തന്നെ ഒരു ദോഷവും വരാനുമില്ല. ഇന്ന് അതാണോ സ്ഥിതി. വല്ല്യേട്ടനെ പേടിക്കണം. കുഞ്ഞേട്ടനെ പേടിക്കണം. കുഞ്ഞാൻ ഏട്ടൻമാരേയും പേടിക്കണം. ഗ്രഹണസമയത്ത് നീർക്കോലിയും തലപൊക്കും എന്നാണല്ലോ ചൊല്ല്.

സി.പി.ഐ. ഇത്ര ഹൃദയശൂന്യമായ നിലപാടെടുക്കുമെന്ന് ആരും കരുതിയിരുന്നില്ല. ഡി.ഐ.സിയെ മുന്നണിയിൽ എടുക്കരുതെന്ന് പറയുക മാത്രമല്ല ഡി.ഐ.സിയുടെ ഭാവി പരിപാടികളുടെ രഹസ്യക്കലവറയും മലർക്കെ തുറന്നിട്ടിരിക്കുന്നു. ഇടതുപക്ഷത്തുനിന്ന് പരമാവധി സീറ്റ് നേടിയിട്ട് കോൺഗ്രസ്സിനെ കൈപ്പിടിയിൽ ഒതുക്കുകയാണ് കരുണാകരന്റെ ലക്ഷ്യമെന്ന് സി.പി.ഐ. തുറന്നടിച്ചിരിക്കുന്നു. ഇങ്ങനെ വിളിച്ചു പറയാൻ തുടങ്ങിയാൽ ലീഡർ എങ്ങനെ ഭാവി പരിപാടി തയ്യാറാക്കും?

പിണറായി വിജയനോടു മാത്രമേ സംസാരിക്കൂ എന്ന് ലീഡർജി പ്രഖ്യാപിച്ചതിന്റെ കാരണവും വെളിയം വ്യക്തമാക്കി. ഇടതുപക്ഷത്തുള്ള മറ്റാരും സംസാരിക്കാൻ തയ്യാറല്ല എന്നതുതന്നെ കാരണം. ഇങ്ങനെ തുറന്നു പറയാൻ തുടങ്ങിയാൽ വിജയന് മറുപടി പറയാതെ പറ്റുമോ? അതുകൊണ്ട് അസ്സലായി മറുപടി പറഞ്ഞു. പിന്നീട് സി.പി.ഐ. മിണ്ടിയതുമില്ല. വല്ല്യേട്ടൻ കോപിച്ചാൽ കാര്യം കുഴയുമെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്.

ഇന്ത്യയും ചൈനയും ഭായി ഭായി ആണെന്ന് പണ്ട് പറഞ്ഞ് നാക്കു വായിൽ ഇടുന്നതിനു മുൻപ് ചൈന ഇന്ത്യയെ ആക്രമിച്ചു. അതുപോലൊരു ചതിയാണ് എൻ.എസ്.എസ്. ചെയ്തതെന്ന് വെള്ളാപ്പള്ളി പറഞ്ഞാൽ സമ്മതിക്കാതെ തരമില്ല. നായർ ഈഴവ സഖ്യം എന്ന മോഹന സ്വപ്നം ഇങ്ങനെ തകർത്തത് ഒട്ടും ശരിയായില്ല. ദേവസ്വം ബോർഡിൽ ആരാണ് അഴിമതി കാണിക്കുന്നത് എന്ന പ്രശ്നത്തിന്റെ പേരിൽ സഖ്യം ഉലഞ്ഞു. ദേവസ്വം ബോർഡിൽ അഴിമതിയുണ്ട് എന്ന് രണ്ടുകൂട്ടരും സമ്മതിച്ച സ്ഥിതിക്ക് ആ വസ്തുത ഐക്യത്തിന്റെ അടിസ്ഥാനമാക്കാമായിരുന്നു. അതുണ്ടായില്ല. ഇപ്പോഴിതാ ബ്രാഹ്മണ്യപ്രശ്നത്തിൽ ഇരു സമുദായങ്ങളും ഏറ്റു മുട്ടിയിരിക്കുന്നു. ബ്രാഹ്മണ്യം ലഭിക്കുന്നത് ജൻമം കൊണ്ടോ കർമ്മം കൊണ്ടോ എന്നതാണ് തർക്കവിഷയം. ബ്രാഹ്മണ്യം വേണമെന്ന കാര്യത്തിൽ തർക്കമില്ലതാനും.

ഐസ്ക്രീം കേസ്സ് ഐസ് പോലെ അലിഞ്ഞ് ഇല്ലാതെയായി. മിഠായി വിതരണം നടത്തിയും അന്യോന്യം കെട്ടിപ്പിടിച്ചും പ്രതികൾ വിജയം ആഘോഷിച്ചു. അവർ ജയിച്ചു എന്ന് വ്യക്തം. പക്ഷേ ഒരു സംശയം. തോറ്റതാരാണ്?

സാക്ഷികൾ കൂറുമാറിയതിൽ അവരെ കുറ്റം പറയാൻ പറ്റുമോ? ജീവിതകാലം മുഴുവൻ അധ്വാനിച്ചാൽപ്പോലും സമ്പാദിക്കാവുന്നതിൽ അധികം പണമല്ലേ ഒറ്റ കൂറുമാറ്റം കൊണ്ട് നേടിയെടുത്തത്. പുതിയ വീട്, കാറ് തുടങ്ങി പലതും ലഭിച്ചു. സത്യം തുറന്നു പറഞ്ഞിരുന്നെങ്കിൽ ഇതെല്ലാം നഷ്ടമാകുമായിരുന്നു എന്നു മാത്രമല്ല ജീവൻ പോലും അപകടത്തിലാകുമായിരുന്നു. ഇപ്പോൾ തലയ്ക്കും കുഴപ്പമില്ല കീശയ്ക്കും കുഴപ്പമില്ല.

ഈ പ്രശ്നത്തിൽ പൊതുതാല്പര്യ ഹർജിയുമായി നടന്നശേഷം കാലു മാറിയവർക്കും കുശാലായിരുന്നു. നല്ല വീടും കാറും ഒക്കെ അവർക്കും കിട്ടി. സംഗതി മോശമല്ല.

കൂറുമാറ്റ നാടകത്തിൽ പ്രോസിക്യൂട്ടർമാർ കളിച്ച വേഷങ്ങൾ അസ്സലായി. ഇന്ത്യൻ ജ്യുഡീഷ്യറിയുടെ ചരിത്രത്തിൽ ഈ സംഭവം എന്നെന്നും വേറിട്ടു തന്നെ നിൽക്കും. പണത്തിനു മീതെ പരുന്തു മാത്രമല്ല വക്കീലും പറക്കില്ല എന്ന് തെളിഞ്ഞു.

പ്രതികൾ നിരപരാധികളാണെന്ന് കോടതി പറഞ്ഞിട്ടും ജനങ്ങൾ അതു വിശ്വസിക്കുന്നില്ല എന്നതു മാത്രമാണ് ഏക ബുദ്ധിമുട്ട്. പൊതുജനം കഴുതയാണെങ്കിലും ഈ പ്രശ്നത്തിൽ കഴുതയ്ക്കും ഇമ്മിണി ബുദ്ധിയുണ്ടായ മട്ടാണ്. ഇനി എന്തു പറഞ്ഞാണാവോ ജനത്തെ വിശ്വസിപ്പിക്കുക.

ജനം വിശ്വസിച്ചില്ലെങ്കിൽ എന്താണ് കുഴപ്പം എന്ന് ചോദിച്ചേക്കാം. കുഴപ്പമേയുള്ളു. തെരഞ്ഞെടുപ്പ് പടിവാതിൽക്കൽ എത്തി. പ്രതിപക്ഷം ഈ പ്രശ്നം എടുത്തിടും എന്നതിന് സംശയമില്ല. അവർ പറയുന്നത് ജനം വിശ്വസിച്ചാൽ കുഞ്ഞാലിക്കുട്ടി ഉൾപ്പെടെ പലരുടേയും നില പരുങ്ങലിലാകും.

എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക

പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി., എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.

ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.

പെരുമ്പാവൂർ പ്രിന്റേഴ്സ്

ബസ്റ്റ് കോംപ്ലക്സ്

കെ.എസ്.ആർ.ടി.സിക്ക് സമീപം

പെരുമ്പാവൂർ. ഫോൺ : 0484-3950734, 9447414608

# ഐ.പി.സിയിൽ കേസ്സുകൾ പെരുകുന്നു

ഐ.പി.സിയിൽ കേസ്സുകൾ അനുദിനം പെരുകിക്കൊണ്ടിരിക്കയാണ്. മിക്ക നേതാക്കൻമാരും കേസ്സുകളിൽ വാദികളോ പ്രതികളോ ആയിക്കഴിഞ്ഞു.

പത്തനംതിട്ട ജില്ലയിലാണ് കേസ്സുകളിൽ ഭൂരിപക്ഷവും ഉത്ഭവിക്കുന്നത്. സിവിൽ കേസ്സും ക്രിമിനൽ കേസ്സും ഉണ്ട്.

ഐ.പി.സി. തിരുവല്ല സെന്ററിനുവേണ്ടി വാങ്ങിയ കൺവെൻഷൻ ഫീൽഡുമായി ബന്ധപ്പെട്ടാണ് രണ്ടു കേസ്സുകൾ. ഈ സ്ഥലം വിൽക്കാൻ പോകുന്നു എന്നും അത് തടയണം എന്നും ആവശ്യപ്പെട്ട് ചില ഐ.പി.സി. വിശ്വാസികൾ സിവിൽ കേസ്സ് കൊടുത്തിട്ടുണ്ട്. ഈ ആവശ്യത്തിനായി പിരിച്ചെടുത്ത പത്തരലക്ഷം രൂപയിൽ മൂന്നിൽ രണ്ടു ഭാഗവും ഐ.പി.സി. നേതാക്കൻമാർ തട്ടിയെടുത്തതായി ആരോപിച്ച് ക്രിമിനൽ കേസ്സും ഫയൽ ചെയ്യപ്പെട്ടു കഴിഞ്ഞു. കോടതി ഈ കേസ്സ് കൂടുതൽ അന്വേഷണത്തിനായി പോലീസിന് കൈമാറിയിരിക്കയാണ്.

പരാതിയിൽ കഴമ്പുണ്ടെന്ന് പോലീസ് അന്വേഷണത്തിൽ കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ ഗൂഢാലോചന, വിശ്വാസവഞ്ചന തുടങ്ങിയ കുറ്റങ്ങൾ ചുമത്തി കേസ്സ് ഫയൽ ചെയ്യും. കുറ്റം തെളിഞ്ഞാൽ രണ്ടുവർഷം വരെ കഠിനതടവും പിഴയും ശിക്ഷ ലഭിക്കും. (സംഗതി ഗൗരവമുള്ളതാണെന്ന് ചുരുക്കം).

ഐ.പി.സിയുടെ പേരു പറഞ്ഞ് പിരിച്ചെടുത്ത പണം ഉപയോഗിച്ച് സഭാമന്ദിരം ഉണ്ടാക്കി സ്വന്തമാക്കി എന്ന കുറ്റം ആരോപിച്ച് രാജു പൂവക്കാലയ്ക്കെതിരെ കേസ്സ് ഉത്ഭവിച്ചിട്ടുള്ളതായി അറിയുന്നു. ഈ കേസ്സിന് ആസ്പദമായ കുറ്റം രാജു പൂവക്കാല ചെയ്തിട്ടുണ്ടെങ്കിൽ അത് ഗുരുതരമായ കുറ്റമാണ് എന്നതിന് സംശയമില്ല.

കെ.പി.കുര്യനെ പുറത്താക്കിയതിനെതിരെ കുര്യൻ കൊടുത്ത കേസ്സ്, അതുമായി ബന്ധപ്പെട്ടുണ്ടായിരിക്കുന്ന കോടതി അലക്ഷ്യക്കേസ്സ്, കുര്യനെതിരെ ഐ.പി.സി. കൊടുത്ത കേസ്സ് തുടങ്ങി ഒട്ടേറെ കേസ്സുകൾ വേറേയുമുണ്ട്. ചുരുക്കത്തിൽ ഐ.പി.സിക്കുവേണ്ടി മാത്രമായി ഒരു കോടതി തുടങ്ങാൻ ആവശ്യമായത്ര കേസ്സുകൾ ഇപ്പോൾ ഉണ്ടായിക്കഴിഞ്ഞു.

# സാം കുഴിക്കാല ഔട്ടായോ?

ആസ്ഥാനഗായകനായ സാം കുഴിക്കാലയ്ക്ക് ഐ.പി.സിയിൽ ഉണ്ടായിരുന്ന പിടി ഇല്ലാതായോ? കുമ്പനാട് കൺവെൻഷനിലെ സ്ഥിരം പാട്ടുകാരനായ സാം കുഴിക്കാല കൺവെൻഷൻ നടക്കുന്ന സമയം നോക്കി ഗൾഫ് പര്യടനത്തിന് പോയതിന്റെ ഗുട്ടൻസ് എന്താണ്?

സ്വദേശത്തും വിദേശത്തുമുള്ള നിരവധി ആളുകൾക്ക് സാം കുഴിക്കാല പണം കൊടുക്കാനുണ്ടെന്നും അവരെ പേടിച്ചാണ് സ്ഥലം വിടുന്നതെന്നും പറയപ്പെടുന്നു. മകന് തല്ലുകിട്ടിയതുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങളിൽ നിന്നും തലയൂരാനുള്ള ശ്രമത്തിന്റെ ഭാഗമാണ് മുങ്ങലെന്നൊരു ഭാഷ്യവുമുണ്ട്. സംഗതി എന്തു തന്നെ ആയാലും കാര്യം അത്ര പന്തിയല്ലെന്ന് തീർച്ച.

# ഛർദ്ദിവീരൻ അങ്കമാലിയിൽ

വിശുദ്ധ ഛർദ്ദിയുടെ അപ്പോസ്തലനായ മനു മേനോൻ അങ്കമാലിയിൽ എത്തുന്നു. അവിടെയുള്ള ഐ.പി.സി.യുടെ കൺവെൻഷനിൽ പ്രസംഗിക്കാനാണ് മനു എത്തുന്നത്.

ഊതിവീഴ്ത്ത്, ഉന്തിവീഴ്ത്ത്, വിശുദ്ധ ചിരി, വിശുദ്ധ കുര തുടങ്ങിയവയുടെ ഗ്രൂപ്പിൽപ്പെട്ട പരിപാടിയാണ് വിശുദ്ധ ഛർദ്ദി. രണ്ടു വർഷം മുൻപ് ഡാമിയൻ നടത്തിയ യോഗത്തിൽ മനുവിന്റെ ഛർദ്ദിപ്പിക്കൽ ശുശ്രൂഷയുമുണ്ടായിരുന്നു. ഛർദ്ദിക്കുന്നവർക്കായി സംഘാടകർ കരുതിയിരുന്ന പോളിത്തീൻ കവറുകൾ തീർന്നു പോയപ്പോൾ ബൈബിൾ പൊതിഞ്ഞുകൊണ്ടുവന്ന കവറുകൾ ശേഖരിച്ചാണ് പ്രശ്നം ഒരുവിധം പരിഹരിച്ചത്.

അങ്കമാലിയിൽ ഛർദ്ദിപ്പിക്കൽ ശുശ്രൂഷ നടക്കുമോ എന്ന് പറയാനാവില്ല. ഏതായാലും വരുന്നത് മനുവായതുകൊണ്ട് ദൈവവചനത്തിന്റെ പരിധിയിൽ ഒതുങ്ങിനിൽക്കാൻ ഇടയില്ല.

# റോസമ്മ ബ്ലീച്ചടിച്ചു

ആർ.റ്റി.ഒ. റോസമ്മ ശരിക്കും ബ്ലീച്ചടിച്ചു. ചർച്ച് ഓഫ് ഗോഡിന്റെ പ്രമുഖ നേതാക്കൻമാരാരും റോസമ്മയുടെ കൺവെൻഷനിൽ പങ്കെടുക്കാൻ എത്തിയില്ല. വ്യഭിചാരത്തിന്റെ അപ്പൊസ്തലനായ സുരേഷ് ബാബു മാത്രമാണ് എത്തിയത്.

അത്യുഗ്രൻ രോഗശാന്തി നടക്കുമെന്ന് കൊട്ടിഘോഷിച്ചിരുന്നെങ്കിലും ഒന്നും നടന്നില്ല. രോഗശാന്തി നടന്നു എന്ന് പ്രഖ്യാപിച്ചവ പോലും വ്യാജമാണെന്ന് പിന്നീട് തെളിഞ്ഞു. അങ്ങനെ സുരേഷിന്റെ രോഗശാന്തിശുശ്രൂഷ വ്യാജമാണെന്ന് ഒരിക്കൽക്കൂടി വ്യക്തമായി.

ഒന്നുവെച്ചാൽ രണ്ടുകിട്ടും എന്നൊക്കെ മുച്ചീട്ടുകളിക്കാർ പറയാറുണ്ട്. പക്ഷേ ഒന്നു കൊടുത്താൽ പത്തുകിട്ടും എന്നാണ് റോസമ്മയുടെ ശിങ്കിടിയായ ഒരു പ്ലാസ്റ്റർ സ്തോത്രക്കാഴ്ചയ്ക്കുള്ള ആഹ്വാനത്തിന്റെ ഭാഗമായി പ്രഖ്യാപിച്ചത്. ഇത്ര ആദായമുള്ള പരിപാടിയാണെങ്കിൽ ഈ വിദ്വാൻ തനിക്കുള്ളതൊക്കെ വിറ്റ് സ്തോത്രക്കാഴ്ചപ്പാത്രത്തിൽ ഇടാത്തതെന്തേ എന്നാണ് പൊതുജനം ചോദിച്ചത്.

റോസമ്മയുടെ കെട്ടിടത്തിൽ റോസമ്മയുടെ വകയായി ആരംഭിച്ച തുണിക്കട, കാപ്പിക്കട എന്നിവയുടെ പരസ്യം കൺവെൻഷനിൽ മുഴങ്ങിക്കേട്ടിരുന്നു. ആത്മീയ യോഗങ്ങളെ അക്ഷരാർത്ഥത്തിലും ആത്മീയാർത്ഥത്തിലും ഉള്ള വ്യഭിചാരത്തിനുള്ള വേദിയാക്കുന്ന റോസമ്മയേപ്പോലുള്ളവരെ പെന്തക്കോസ്തിൽ നിന്ന് പുറത്താക്കി എരുമച്ചാണകം തളിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ആർ.റ്റി.ഒ. എന്ന നിലയിൽ റോസമ്മയുടെ പീഡനത്തിനു വിധേയരായ നിരവധി ആളുകൾ തങ്ങൾക്കുണ്ടായ അനുഭവങ്ങൾ കഴിഞ്ഞലക്കം ഡിഫെൻഡർ വായിച്ചശേഷം ഞങ്ങളെ അറിയിക്കയുണ്ടായി. റോസമ്മ ഇത്ര വലിയ അഴിമതിക്കാരിയാണെന്ന് ഡിഫെൻഡർ കരുതിയിരുന്നില്ല. ഇവർക്കെതിരെ സർക്കാർ തലത്തിൽ നടപടി ഉണ്ടാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

# തോമസ്കുട്ടിയെ സൂക്ഷിക്കുക

റാന്നിയിൽ നിന്ന് വചനഘോഷണം എന്ന പേരിൽ പത്രമിറക്കുന്ന കെ.പി.തോമസ്കുട്ടിയെ സൂക്ഷിക്കുക. പെന്തക്കോസ്ത് പാസ്റ്റർ എന്ന മേൽവിലാസം ഉപയോഗിച്ച് പണം സമ്പാദിക്കുക എന്നതിൽ കവിഞ്ഞ മറ്റൊരു ലക്ഷ്യവും തോമസ്കുട്ടിക്കില്ല. പണമുള്ളവരെ തേടിപ്പിടിച്ച് ലേഖനങ്ങളും അനുഭവ സാക്ഷ്യങ്ങളും എഴുതി വാങ്ങും. തങ്ങളുടെ ലേഖനം ഫോട്ടോ സഹിതം അച്ചടിച്ചു കാണാൻ കൊതിച്ചിരിക്കുന്ന പണച്ചാക്കുകൾ തോമസ്കുട്ടിക്ക് നല്ല കൈമടക്കും കൊടുക്കും. ഇതിന്റെയൊക്കെ ഫലം അനുഭവിക്കുന്നത് പാവം വായനക്കാരാണ്. ക്രൈസ്തവ പത്രപ്രവർത്തനത്തെ വ്യഭിചരിക്കുന്ന തോമസ്കുട്ടിയേപ്പോലുള്ളവരുടെ തനിനിറം വിശ്വാസികൾ തിരിച്ചറിയണം.

# മത്തായിയുടെ തൊലിക്കട്ടി അപാരം

ചർച്ച് ഓഫ് ഗോഡിന്റെ ബോംബെയിലെ ഓവർസിയറായ മത്തായിയുടെ തൊലിക്കട്ടി അപാരം തന്നെ. ഇയാൾ രാഷ്ട്രീയത്തിൽ ഇറങ്ങിയിരുന്നെങ്കിൽ കുറഞ്ഞപക്ഷം ഒരു മന്ത്രിയെങ്കിലും ആകുമായിരുന്നു.

ഓവർസിയർ സ്ഥാനത്ത് തുടരാൻ ആഗ്രഹമില്ലെന്നും ഇതെല്ലാം വിട്ട് വടക്കേ ഇന്ത്യയിൽ സുവിശേഷപ്രവർത്തനം ചെയ്യാൻ പോകുകയാണെന്നും മത്തായി പറയാൻ തുടങ്ങിയിട്ട് കാലം കുറെ ആയി. ''അയ്യോ പാസ്റ്ററേ, പോകല്ലേ'' എന്നു കെഞ്ചിക്കൊണ്ട് ആരെങ്കിലുമൊക്കെ പിന്നാലെ ചെല്ലും എന്നു കരുതിയാണ് ഇങ്ങനെയൊക്കെ പറയുന്നത്. പക്ഷേ, ആരും പ്രതികരിക്കുന്നില്ല. ഈ നിർഗ്ഗുണൻ എങ്ങനെയെങ്കിലും ഒന്നു പോയിക്കിട്ടണേ എന്ന പ്രാർത്ഥനയിലാണ് ബോംബെയിലുള്ള ശുശ്രൂഷകൻമാരും വിശ്വാസികളും.

വ്യഭിചാരിണിയായ ഭാര്യയും വ്യഭിചാരത്തിലൂടെ ഭാര്യ സമ്പാദിച്ച മകനുമുള്ള മത്തായിക്ക് ഓവർസിയർ എന്നല്ല ഒരു പാസ്റ്റർ പോലും ആയിരിക്കാൻ അർഹതയില്ല. ഈ വിഷയത്തേപ്പറ്റി ഡിഫെൻഡർ പലവട്ടം എഴുതിയിട്ടുള്ളതുമാണ്. പക്ഷേ മത്തായിക്ക് കുലുക്കമില്ല. കുറെ എഴുതിയിട്ട് ഡിഫെൻഡർ എഴുത്ത് നിർത്തുമെന്നും അങ്ങനെ രക്ഷപ്പെടാമെന്നുമാണ് മത്തായിയുടെ പ്രതീക്ഷ. പക്ഷേ മത്തായി ഓവർസിയർ സ്ഥാനം രാജി വെയ്ക്കുന്നതുവരെ ഡിഫെൻഡർ എഴുതിക്കൊണ്ടിരിക്കും എന്ന വസ്തുത മത്തായി അറിഞ്ഞിരുന്നാൽ നന്ന്.

ഇത്തരം നാറ്റക്കേസ്സുകൾ പരസ്യമാകും എന്ന് ബോദ്ധ്യമാകുമ്പോൾ സാമാന്യ ബുദ്ധിയുള്ളവരൊക്കെ രാജിവെച്ച് പ്രശ്നം പരിഹരിക്കും. തൊലിക്കട്ടിക്ക് പേരുകേട്ട രാഷ്ട്രീയക്കാർ പോലും അതാണ് ചെയ്യുക. മന്ത്രിമാരായിരുന്ന കുഞ്ഞാലിക്കുട്ടിയും വിശ്വനാഥനും ഒക്കെ അതാണ് ചെയ്തത്. പക്ഷേ, രാഷ്ട്രീയക്കാരെ വെല്ലുന്ന തൊലിക്കട്ടിയുള്ള മത്തായിക്ക് കൂസലില്ല. എത്ര നാണംകെട്ടാലും ഓവർസിയറുടെ കസേരയിൽ നിന്ന് ഇറങ്ങുകയില്ല എന്നാണ് വാശി.

താൻ അർഹിക്കാത്ത സ്ഥാനമാണ് തനിക്കു ലഭിച്ചിരിക്കുന്നത് എന്ന് മത്തായിക്കറിയാം. ഈ കസേര വിട്ടുകളഞ്ഞാൽ പിന്നെ ഒരിക്കലും അത് തിരികെ ലഭിക്കയില്ലെന്നും മത്തായിക്കറിയാം. പൊൻമുട്ടയിടുന്ന താറാവാണ് ഓവർസിയറുടെ കസേര. അത് അങ്ങനെയങ്ങു വിടാനൊക്കുമോ? എത്ര നാണംകെട്ടാലും വേണ്ടില്ല, കസേര വിടുന്ന പ്രശ്നമില്ല എന്ന് മത്തായി തീരുമാനിക്കാൻ കാരണവും ഇതുതന്നെ.


## സുവിശേഷകരെ ആവശ്യമുണ്ട്

**സുവിശേഷവേലയ്ക്ക് വിളിയും സമർപ്പണവുമുള്ള കുടുംബസ്ഥരായ സുവിശേഷകരെ ആവശ്യമുണ്ട്.**

**ജനറൽ സെക്രട്ടറി**
**ജീവൻ ഇന്റർനാഷണൽ മിനിസ്ട്രീസ്**
**പുല്ലുവഴി പി. ഒ., പെരുമ്പാവൂർ.**
**പിൻ. 683 541. കേരള.**
**Ph: 0484-2592315**
**Email: info@jeevanministries.com**
**www.jeevanministries.com**



## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.

ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3022356, 9447414608

# ദൈവദാസൻമാർക്ക് അപ്രമാദിത്വമുണ്ടോ?

പത്രോസിനും പൗലോസിനും മറ്റും തെറ്റുപറ്റിയിട്ടുണ്ടോ? ഉണ്ടെന്ന് ദൈവവചനം പരിശോധിച്ചാൽ മനസ്സിലാകും. അവരും നമ്മേപ്പോലുള്ള സാധാരണ മനുഷ്യരായിരുന്നു. അതുകൊണ്ട് നമുക്കു പറ്റാവുന്ന തെറ്റുകളെല്ലാം അവർക്കും പറ്റും. ഏതാനും ഉദാഹരണങ്ങൾ നോക്കു:

ബർന്നബാസും പൗലോസും തമ്മിൽ ഉഗ്ര വിവാദമുണ്ടായി. അവർ തമ്മിൽ വഴക്കുണ്ടാക്കേണ്ട കാര്യമുണ്ടായിരുന്നോ? നിസ്സാര പ്രശ്നത്തിനാണ് അവർ വഴക്കുണ്ടാക്കിയതും ഉഗ്ര വിവാദം നടത്തിയതും. ഈ വിഷയത്തിൽ പൗലോസിനാണ് തെറ്റു പറ്റിയതെന്ന് പിൽക്കാലത്ത് പൗലോസ് തന്റെ പ്രവൃത്തിയിലൂടെ സമ്മതിക്കുന്നുമുണ്ട്. മർക്കോസിനെ പൗലോസ് അംഗീകരിക്കുകയും ചെയ്തു.

അതുപോലെ, ജാതികളോടൊപ്പം ഭക്ഷണം കഴിക്കാൻ പത്രോസ് മടിച്ചത് ശരിയായ നടപടിയാണെന്ന് പറയാൻ കഴിയുമോ? ഈ വിഷയത്തിൽ പൗലോസ് പരസ്യമായി പത്രോസിനെ എതിർത്തു. താൻ ചെയ്തത് ശരിയാണെന്ന നിലപാടാണ് പൗലോസിന് എന്നും ഉണ്ടായിരുന്നത്. രക്ഷപ്പെടാൻ വേണ്ടി പൗലോസ് ചില്ലറ അടവുകളും പ്രയോഗിച്ചിട്ടുണ്ട്. പൗലോസ് സദൂക്യരേയും പരീശൻമാരേയും തമ്മിൽ തല്ലിച്ച സംഭവം ഓർക്കുക. അത് തെറ്റായിപ്പോയെന്ന് പൗലോസ് പിന്നീട് സമ്മതിക്കുന്നുമുണ്ടല്ലോ.

പ്രവൃ.18:18ൽ പൗലോസ് യെരുശലേം ദൈവാലയത്തിൽ ചെന്ന് തല ക്ഷൗരം ചെയ്യിക്കുന്നതായി കാണാം. അതുപോലെ, 21:23ൽ നേർച്ചയുള്ള നാലു പുരുഷൻമാരുടെ തല ക്ഷൗരം ചെയ്യിക്കുന്നതിനും മറ്റുമുള്ള ചെലവുകൾ വഹിക്കുകയും ചെയ്യുന്നു.

പൗലോസ് ന്യായപ്രമാണത്തിന് എതിരായി പ്രസംഗിക്കുകയും പഠിപ്പിക്കുകയും മറ്റും ചെയ്യുന്നു എന്നൊരു പ്രചരണം ഉണ്ടായിരുന്നു. അതുകൊണ്ട് പൗലോസിനെതിരെ നടപടി എടുക്കുവാൻ യഹൂദൻമാർ ആലോചിക്കുന്ന സമയമായിരുന്നു അത്. അതിനൊരു പ്രതിവിധി എന്ന നിലയിലാണ് ഈ ക്ഷൗരപ്പരിപാടി നടത്തിയത്. പക്ഷേ, അതുകൊണ്ട് വിപരീത ഫലമാണുണ്ടായതെന്ന് നമുക്കു കാണാം.

പരിഛേദന എന്നത് നിത്യനിയമമാണെന്നും അത് അനുഷ്ഠിക്കാതെ രക്ഷ പ്രാപിക്കാൻ സാധിക്കയില്ല എന്നും വാദിച്ചിരുന്ന വലിയൊരു കൂട്ടം ക്രിസ്ത്യാനികൾ ഒന്നാം നൂറ്റാണ്ടിൽ ഉണ്ടായിരുന്നു. വളരെ വാദപ്രതിവാദങ്ങൾക്കു ശേഷമാണ് ഈ ആചാരം സഭയിൽ നിന്നും പുറത്തായത്. അതിനിടയിൽ പൗലോസ് ഉൾപ്പെടെയുള്ള ശിഷ്യൻമാർ പരിഛേദനയ്ക്ക് മൗനാനുവാദം കൊടുത്തിരുന്നു.

ന്യായപ്രമാണം പുതിയ നിയമത്തിന്റെ നിഴലാണെന്നും അതുകൊണ്ട് ദൈവസഭ ന്യായപ്രമാണം അനുസരിക്കേണ്ടതില്ലെന്നും യഹൂദ ക്രിസ്ത്യാനികളെ ബോദ്ധ്യപ്പെടുത്താൻ അപ്പോസ്തലൻമാർക്ക് വളരെ പാടുപെടേണ്ടതായി വന്നിട്ടുണ്ട്. ഗലാത്യർ, കൊലോസ്യർ തുടങ്ങിയവർക്ക് പൗലോസ് എഴുതിയ ലേഖനങ്ങളിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. പക്ഷേ, ഇതൊക്കെ എഴുതിയ പൗലോസ് തല മൊട്ടയടിക്കാൻ പോയി?

പുണ്യവാളൻമാരെ വണങ്ങുന്ന പാരമ്പര്യത്തിൽ നിന്ന് വിശ്വാസത്തിൽ വന്നവരാണ് ഭൂരിപക്ഷം വിശ്വാസികളും. അതുകൊണ്ട് പൗലോസ്, പത്രോസ് തുടങ്ങിയവരൊക്കെ തെറ്റു പറ്റാത്ത ദിവ്യൻമാരാണെന്നൊരു ധാരണ നിലനിൽക്കുന്നു. പക്ഷേ, അപ്പൊസ്തലൻമാരും ആദിമ പിതാക്കൻമാരും നമുക്കു സമസ്വഭാവമുള്ള മനുഷ്യരായിരുന്നു എന്ന് മറന്നുപോകരുത്. നമുക്കു പറ്റുന്ന അബദ്ധങ്ങളൊക്കെ അവർക്കും പറ്റാം. അങ്ങനെ പറ്റിയിട്ടുമുണ്ട്.

അപ്പോസ്തലൻമാർക്ക് അബദ്ധങ്ങൾ പറ്റുമെങ്കിൽ അവർ എഴുതിവെച്ചതൊക്കെ വിശ്വസിക്കുന്ന നമ്മൾ അബദ്ധത്തിൽ ചാടില്ലേ എന്ന് ചോദിച്ചേക്കാം. ഈ ചോദ്യത്തിനുള്ള ഉത്തരം മുൻപൊരിക്കൽ പറഞ്ഞതാണ്. എങ്കിലും അത് വായിച്ചിട്ടില്ലാത്തവരുടെ അറിവിലേക്കായി വീണ്ടും പറയാം.

അപ്പോസ്തലൻമാരുടെ പ്രവൃത്തികൾ പൂർണ്ണമായി ദൈവഹിതപ്രകാരമാണെന്ന് പറയാനാവില്ല. ഉദാഹരണങ്ങൾ നാം കണ്ടു കഴിഞ്ഞല്ലോ. അതുകൊണ്ട് പൗലോസ് തല മൊട്ടയടിച്ചു എന്ന കാരണത്താൽ നാം തല മൊട്ടയടിക്കാൻ തുനിയേണ്ടതില്ല. പക്ഷേ, ഇതേ പൗലോസ് ന്യായപ്രമാണത്തേക്കുറിച്ച് എഴുതിയിരിക്കുന്നത് നാം അംഗീകരിക്കണം. കാരണം, പൗലോസ് അതൊക്കെ എഴുതിയത് ദൈവാത്മാവിലാണ്.

ഈ വിഷയം അല്പംകൂടി വിശദീകരിക്കാം.

തെറ്റു പറ്റാത്ത ഒരാൾ മാത്രമേ ഈ ഭൂമിയിൽ ജീവിച്ചിരുന്നിട്ടുള്ളു. അത് കർത്താവായ യേശുക്രിസ്തുവാണ്. അതുകൊണ്ട് കർത്താവിന്റെ ഉപദേശങ്ങൾ മാത്രമല്ല ജീവിതവും അതേപടി അനുകരിക്കുന്നത് തികച്ചും ഉചിതമാണ്. പക്ഷേ, അബ്രഹാം, യിസഹാക്, യാക്കോബ്, ദാവീദ്, അപ്പൊസ്തലൻമാർ തുടങ്ങിയവരൊക്കെ വെറും മനുഷ്യരായിരുന്നു, നമ്മേപ്പോലെ പച്ച മനുഷ്യർ. അതുകൊണ്ട് അവർ ശരി മാത്രമല്ല ചെയ്തിട്ടുള്ളത്. ഇവരുടെ പ്രവൃത്തികളിൽ ചിലതൊക്കെ അനുകരണീയമല്ലാത്തത് ഈ കാരണത്താലത്രേ. പക്ഷേ, ഇവരിൽ ചിലർ ദൈവവചനത്തിന്റെ ചില ഭാഗങ്ങൾ എഴുതിയിട്ടുണ്ട്. ദൈവാത്മ പ്രേരണയാലാണ് അവർ അത് എഴുതിയത്. ആ കാരണത്താൽ നമുക്ക് അതൊക്കെ സ്വീകരിക്കാം.

ന്യായപ്രമാണം ക്രിസ്തുവിൽ നിവൃത്തിയായി എന്ന വസ്തുത നന്നായറിയാവുന്ന പൗലോസ് തല മൊട്ടയടിക്കാൻ പോകേണ്ട ആവശ്യമില്ലായിരുന്നു. മറ്റുള്ളവരുടെ തല ക്ഷൗരം ചെയ്യിക്കാൻ മിനക്കെടേണ്ട ആവശ്യവുമില്ലായിരുന്നു. പക്ഷേ, യഹൂദൻമാരുടെ പ്രീതി സമ്പാദിക്കാനായി പൗലോസ് ഇതൊക്കെ ചെയ്തു. അതിന്റെ ഫലം അനുഭവിക്കുകയും ചെയ്തു. ഇതിൽ നിന്ന് നാം പാഠം ഉൾക്കൊള്ളണം. ആരൊക്കെ എതിർത്താലും അറിഞ്ഞ സത്യത്തിനുവേണ്ടി നിവർന്നു നിൽക്കാനുള്ള ധൈര്യം നമുക്കുണ്ടാകണം.

സഭയും സംഘടനയും തമ്മിലുള്ള വ്യത്യാസത്തേക്കുറിച്ച് ഡിഫെൻഡറിൽ പലവട്ടം എഴുതിയിട്ടുള്ളതാണ്. സംഘടന ദൈവീക പദ്ധതിയിലുള്ളതല്ല. സംഘടനയുടെ നേതാക്കൻമാർ സഭയുടെ നേതാക്കൻമാരുമല്ല. അപ്പൊസ്തലൻമാർക്കുപോലും തെറ്റുപറ്റിയിട്ടുണ്ടെങ്കിൽ ഈ നേതാക്കൻമാർക്ക് തീർച്ചയായും തെറ്റു പറ്റും. പറ്റിക്കൊണ്ടിരിക്കയാണ്.

ഇന്നത്തെ നേതാക്കൻമാർക്ക് പറ്റുന്ന തെറ്റും അപ്പൊസ്തലൻമാർക്ക് പറ്റിയ തെറ്റും തമ്മിൽ വ്യത്യാസവുമുണ്ട്. യൂദാ ഒഴികെയുള്ള ഒരു അപ്പോസ്തലനും ഗുരുതരമായ പാപങ്ങളിൽ വീണതായി ദൈവവചനം പറയുന്നില്ല. പക്ഷേ, ഇന്നത്തെ നേതാക്കൻമാരായ ടി.എസ്.ഏബ്രഹാം, ടി.ജി.കോശി, സി.വി.ജോൺ തുടങ്ങിയവർ വ്യഭിചാരം, മോഷണം, ഗുണ്ടായിസം തുടങ്ങിയ ഗുരുതരമായ പാപങ്ങളാണ് ചെയ്യുന്നത്.

# ഡിഫെൻഡർ മറുപടി പറയുന്നു

? വിശ്വാസികൾ മറ്റു വിശ്വാസികൾക്കെതിരേയും സഭയ്ക്കെതിരേയും കേസ്സ് കൊടുക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ദൈവവചന വെളിച്ചത്തിൽ ഈ നടപടി വിലയിരുത്താമോ?

■ വിശ്വാസികൾ കോടതിയിൽ കേസ്സുമായി പോകുന്നത് ശരിയാണോ എന്ന ചോദ്യം സാധാരണയായി കേൾക്കാറുണ്ട്. ഇതിനുള്ള മറുപടി തിരുവചനത്തിൽ നിന്ന് തന്നെ കണ്ടെത്തണം. അതുകൊണ്ട് ആദ്യമായി 1കൊരി. 6:1-8 വായിക്കുക.

കൊരിന്ത്യ സഭയിൽ പലവിധ പ്രശ്നങ്ങൾ ഉണ്ടായിരുന്നു. അവയിൽ ഒന്നാണ് വിശ്വാസികൾ തമ്മിലുള്ള പ്രശ്നം. ഇത്തരം പ്രശ്നങ്ങൾ സഭയ്ക്കുള്ളിൽ തീർക്കാൻ ശ്രമിക്കാതെ ദൈവമക്കൾ കോടതിയെ ശരണം പ്രാപിച്ചു. ഇതിനെതിരേ പൗലോസ് ശക്തമായി പ്രതികരിക്കുന്നു.

പൗലോസ് പറയുന്നതിന്റെ രത്നച്ചുരുക്കം ഇതാണ്: വിശ്വാസികൾ തമ്മിൽ പ്രശ്നം ഉണ്ടാകുന്നതുതന്നെ ശരിയല്ല. അഥവാ, പ്രശ്നം ഉണ്ടായാൽ അത് സഭയിലെ മൂപ്പൻമാരുടെ മുൻപിൽ തീർക്കണം. അതിന് തുനിയാതെ കോടതിയിൽ പോകുന്നത് ശരിയല്ല. കാരണം, വിശ്വാസികൾ ലോകത്തെ വിധിക്കാനുള്ളവരാണ്.

ദൈവമക്കൾക്ക് എല്ലാക്കാലത്തും സ്വീകരിക്കാനുള്ള പ്രമാണമാണിത്. അതുകൊണ്ട് വിശ്വാസികൾ തമ്മിലുള്ള പ്രശ്നം സഭയിൽ തീർക്കാൻ ശ്രമിക്കണം. പക്ഷേ, പ്രശ്നം സഭയ്ക്കുള്ളിൽ തീർക്കാൻ കഴിഞ്ഞില്ലെങ്കിലോ? പ്രശ്നം തീർക്കേണ്ട മൂപ്പൻമാരാണ് കേസ്സിലെ പ്രതികളെങ്കിലോ?

ബൈബിളിലെ 66 പുസ്തകങ്ങളും പരിശോധിക്കൂ. മനുഷ്യന് ചെയ്യാൻ കഴിയുന്ന ഏതെങ്കിലും കാര്യം ദൈവം ചെയ്തിട്ടുണ്ടോ? യെരീഹോ കോട്ട വീഴ്ത്താൻ മനുഷ്യന് കഴിവില്ല. അത് ദൈവം ചെയ്തു. പക്ഷേ. ചുറ്റും നടന്ന് കാഹളം ഊതാൻ മനുഷ്യന് കഴിയുമായിരുന്നു. അത് മനുഷ്യൻ ചെയ്യണം. മാത്രമല്ല, കോട്ട ദൈവം തകർത്തെങ്കിലും ജനത്തെ യുദ്ധം ചെയ്തു തോല്പിക്കേണ്ടത് ദൈവജനമാണ്. കാരണം, അതിന് അവർക്കു കഴിയും എന്നതുതന്നെ. ദൈവം മരുഭൂമിയിൽ മന്ന കൊടുത്തു. കാരണം, അവിടെ ആഹാരം വിളയിക്കുവാൻ മനുഷ്യന് കഴിവില്ലായിരുന്നു. പക്ഷേ, മന്നാ പെറുക്കിയെടുക്കാൻ മനുഷ്യന് കഴിയും. അതു കൊണ്ട് ദൈവം അത് പാത്രത്തിൽ ഇട്ടു കൊടുത്തില്ല.

ഗോല്യാത്തിനെതിരെ കല്ലെറിയാൻ ദാവീദിന് കഴിയും. അതു കൊണ്ട് ദാവീദ് അത് ചെയ്തു. അത് മർമ്മസ്ഥലത്ത് കൊണ്ടത് ദൈവസഹായത്താലാണ്. ആ ഒരു കല്ലുകൊണ്ട് ശത്രുവിനെ വീഴ്ത്താൻ കഴിഞ്ഞത് ദൈവകൃപയാലാണ്.

തനിക്ക് നീതി നിഷേധിക്കപ്പെടുന്നു എന്ന് ബോദ്ധ്യമായപ്പോൾ പൗലോസ് കൈസറെ അഭയം ചൊല്ലി. ഒരു റോമൻ പൗരൻ എന്ന നിലയിൽ പൗലോസിന്റെ അവകാശമായിരുന്നു അത്. അങ്ങനെ ഉദാഹരണങ്ങൾ കുറച്ചധികമുണ്ട്.

പോലീസ് സ്റ്റേഷനിലോ കോടതിയിലോ കേസ്സ് കൊടുക്കുന്നത് പാപമല്ല. പക്ഷേ, കോഴ കൊടുത്തോ രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ചോ നീതി മറിച്ചുകളയരുത്.

എന്തെങ്കിലും പ്രശ്നമുണ്ടായാലുടൻ കേസ്സുമായി കോടതിയിലേക്കോ പോലീസ് സ്റ്റേഷനിലേക്കോ ഓടണമെന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. വിശ്വാസികൾ തമ്മിലുണ്ടാകുന്ന പ്രശ്നങ്ങൾ സഭയ്ക്കുള്ളിൽ പരിഹരിക്കാൻ ശ്രമിക്കണം. അതിന് കഴിയുന്നില്ലെങ്കിൽ പ്രാദേശിക സഭക്ക് പുറത്തുള്ള ദൈവദാസൻമാരുടെ മദ്ധ്യസ്ഥതയിൽ പ്രശ്നം പരിഹരിക്കണം. മറ്റൊരു പോംവഴിയും ഇല്ലാതായാൽ മാത്രമേ നിയമത്തിന്റെ വഴി തേടാവൂ.

വിശ്വാസികൾ സഭയ്ക്കെതിരെ കേസ്സ് കൊടുത്തു എന്ന പ്രസ്താവന ശരിയല്ല. കാരണം, നാളിതുവരെ ഒരു വിശ്വാസിയും സഭയ്ക്കെതിരെ കേസ്സ് കൊടുത്തിട്ടില്ല. കൊടുക്കാൻ കഴിയുകയുമില്ല. പക്ഷേ, സഭയെന്ന പേരിൽ അറിയപ്പെടുന്ന സംഘടനകൾക്കെതിരെ നിരവധി കേസ്സുകൾ ഉണ്ടായിട്ടുണ്ട്. സംഘടന തെറ്റുചെയ്താൽ സംഘടനയ്ക്കെതിരെ കേസ്സ് കൊടുക്കാം. അത് തെറ്റല്ല. തെറ്റ് തിരുത്താൻ തയ്യാറാകാത്ത സംഘടനാ നേതാക്കൻമാരേയും പ്രതികളാക്കണം. ഈ നേതാക്കൻമാർ ദൈവദാസൻമാരാണെന്നും അവർക്കെതിരെ കേസ്സ് കൊടുത്താൽ ദൈവം കോപിക്കുമെന്നുമുള്ള ധാരണ തിരുത്തുക. പെന്തക്കോസ്ത് സംഘടനകളുടെ തലപ്പത്തിരിക്കുന്നവരിൽ ഭൂരിപക്ഷത്തിനും ദൈവവുമായി ബന്ധമൊന്നുമില്ല.

ഈ നേതാക്കൻമാർ വിശ്വാസികൾക്കെതിരെ കേസ്സുകൾ കൊടുക്കുകയും വിശ്വാസികളെക്കൊണ്ട് കേസ്സ് കൊടുപ്പിക്കയും ചെയ്തിട്ടുണ്ടെന്നതും ശ്രദ്ധേയമാണ്. പെന്തക്കോസ്ത് നേതാക്കൻമാരോ അവരുടെ ശിങ്കിടികളോ കൊടുത്തിട്ടുള്ള ഇരുപതോളം കേസ്സുകളിലെ പ്രതിയാണ് ഈയുള്ളവൻ. കള്ളക്കേസ്സ് കൊടുത്ത് അവർ എന്നെ ജയിലിൽ ആക്കുകപോലും ചെയ്തിട്ടുണ്ട്. കേസ്സ് കൊടുക്കുന്നത് പാപമാണെങ്കിൽ എനിക്കെതിരെ കള്ളക്കേസ്സ് കൊടുത്തവർ മഹാപാപികളല്ലേ?



# ജാതിപ്രശ്നത്തിന്റെ കാണാപ്പുറങ്ങൾ

ജൻമം കൊണ്ടാണോ കർമ്മം കൊണ്ടാണോ ബ്രാഹ്മണനാകുന്നത് എന്ന പ്രശ്നം ചൂടേറിയ വിവാദങ്ങൾക്ക് വഴിവെച്ചിരിക്കുന്ന സമയമാണിത്. എൻ.എസ്.എസ്. ജനറൽ സെക്രട്ടറി നടത്തിയ ഒരു പ്രസ്താവനയാണ് വിവാദത്തിന് വഴിവെച്ചത്.

തന്ത്രവിദ്യ പഠിച്ച അബ്രാഹ്മണരെ പൂജാരികളാക്കുന്നതിന് അനുകൂലമായ വിധി സുപ്രീം കോടതിയിൽ നിന്ന് ഉണ്ടായിട്ടുണ്ടെന്നും ഈ കാരണത്താൽ നാരായണപ്പണിക്കരുടെ നിലപാട് കോടതിയോടുള്ള അനാദരവാണെന്നും വെള്ളാപ്പള്ളി വാദിക്കുന്നു. പക്ഷേ, പൂജാരികളായി നിയമിക്കപ്പെട്ട അബ്രാഹ്മണരെ ജനം തിരസ്ക്കരിച്ചതു നിമിത്തം പിൽക്കാലത്ത് അവരെ ഓഫീസ് ജോലികൾക്കായി മാറ്റേണ്ടിവന്നു എന്ന വസ്തുത നാരായണപ്പണിക്കർ ചൂണ്ടിക്കാട്ടുന്നു. ഏതായാലും ഈ വിവാദം നായർ-ഈഴവ സഖ്യത്തിൽ വിള്ളൽ വീഴ്ത്തിയിരിക്കയാണ്.

ജാതി സമ്പ്രദായമെന്നത് ഭാരതീയ സംസ്ക്കാരത്തിന്റെ മാത്രം പ്രത്യേകതയാണ്. ഇന്ത്യയിലെ പ്രധാന മതമായ ഹിന്ദുമതത്തിലാണ് ജാതിസമ്പ്രദായം ഉടലെടുത്തത്. ജൈന മതം, സിക്ക് മതം തുടങ്ങിയവയിലും ചെറിയതോതിൽ ജാതി നിലനിൽക്കുന്നു. ബുദ്ധമതം ജാതിസമ്പ്രദായത്തിനെതിരായ നിലപാടാണ് എന്നും എടുത്തിട്ടുള്ളത്. അതുകൊണ്ടാണ് അംബേദ്ക്കറും കൂട്ടരും ഒടുവിൽ ബുദ്ധമതത്തിൽ അഭയം പ്രാപിച്ചത്. ക്രിസ്തുമതത്തിൽ ജാതിയില്ല. പക്ഷേ, ഏട്ടിലെ പശു പുല്ലുതിന്നാറില്ല. അതുകൊണ്ട് ഇന്ത്യയിലെ ക്രിസ്തുമതത്തിൽ ജാതിയുണ്ട്. ഇസ്ലാംമതം ഒദ്യോഗികമായി ജാതിസമ്പ്രദായത്തെ അംഗീകരിക്കുന്നില്ല.

ജൻമം കൊണ്ടാണോ കർമ്മം കൊണ്ടാണോ ബ്രാഹ്മണനാകേണ്ടത് എന്ന വിഷയത്തേപ്പറ്റി ഉഗ്ര വിവാദം നടക്കുകയാണ്. പക്ഷേ, ജാതി എന്നത് ജൻമം കൊണ്ടാണ് നിർണ്ണയിക്കപ്പെടുന്നത് എന്നത് നിഷേധിക്കാനാവാത്ത വസ്തുതയാണ്. പട്ടിക ജാതി പട്ടിക വർഗ്ഗങ്ങളെ നിർണ്ണയിക്കുന്നത് കർമ്മം നോക്കിയല്ല ജൻമം നോക്കിയാണ്.

ബ്രാഹ്മണന് ദ്വിജൻ എന്നും പേരുണ്ട്. രണ്ടു ജൻമമുള്ളവൻ എന്ന അർത്ഥത്തിലാണത്. സാധാരണ മനുഷ്യനായി ജനിക്കുന്ന കുട്ടിക്ക് ഉപനയനം നടത്തി പുതിയ ജൻമം കൊടുത്ത് ബ്രാഹ്മണനാക്കുകയാണ് ചെയ്യുന്നത്. അങ്ങനെയെങ്കിൽ അബ്രാഹ്മണരേയും ഉപനയനം നടത്തി ദ്വിജനാക്കരുതോ? ഹൈന്ദവ പണ്ഡിതരാണ് ഇതിനു മറുപടി പറയേണ്ടത്.

മോഹൻജൊദാരോയിലും ഹാരപ്പയിലും നിലനിന്നിരുന്ന ദ്രാവിഡമതവും ആര്യൻമാർ കൊണ്ടുവന്ന മതവും ചേർന്നാണ് ഇന്നത്തെ ഹിന്ദുമതമുണ്ടായത് എന്നാണ് കരുതപ്പെടുന്നത്. ഹാരപ്പൻ സംസ്ക്കാരത്തിൽ ജാതിവ്യവസ്ഥ ഉണ്ടായിരുന്നതായി തെളിവില്ല. ഋഗ്വേദ കാലത്തും ജാതിവ്യവസ്ഥ ഇല്ലായിരുന്നു എന്നത്രേ പൊതുവെയുള്ള വിശ്വാസം. എങ്കിലും ഋഗ്വേദത്തിന്റെ പത്താം മണ്ഡലം തൊണ്ണൂറാം സൂക്തം (പുരുഷസൂക്തം) ജാതിയേക്കുറിച്ച് സൂചന നൽകുന്നുണ്ട്. 11, 12 ശ്ലോകങ്ങൾ ഇപ്രകാരമാണ്:

''യത് പുരുഷം വ്യദധു:
കതിധാ വ്യാകൽപ്പയൻ
മുഖം കിമസ്യ കൗബാഹു
കാ ഊരു പാദൗഉചേതേ.
ബ്രാഹ്മണോ അസ്യ മുഖമാസീത്
ബാഹു രാജന്യ:കൃത:
ഊരുതദസ്യയദ് വൈശ്യ:
പദ്ഭ്യാം ശൂദ്രോ അജായത''.

ഈ ശ്ലോകങ്ങൾ മഹാകവി വള്ളത്തോൾ തർജ്ജമ ചെയ്തിരിക്കുന്നത് ഇപ്രകാരമാണ്: ''പുരുഷനെ ഉല്പാദിപ്പിച്ചിട്ട് എത്ര തരത്തിൽ വേർതിരിച്ചു? അവന്റെ മുഖമെന്താണ്? കയ്യെന്താണ്? തുടയെന്താണ്? കാലെന്താണ്? അവന്റെ മുഖം ബ്രാഹ്മണനാണ്. കൈകൾ ക്ഷത്രിയൻ. അവന്റെ തുട വൈശ്യൻ. കാൽകളിൽ നിന്ന് ശൂദ്രൻ ജനിച്ചു''.

ഈ ഭാഗം പിൽക്കാലത്ത് ഋഗ്വേദത്തിൽ എഴുതിച്ചേർത്തതാണെന്നൊരു വാദമുണ്ട്. അത് ശരിയായാലും തെറ്റായാലും ഇന്ന് ഉപയോഗത്തിൽ ഇരിക്കുന്ന ഋഗ്വേദത്തിൽ ഈ ഭാഗമുണ്ട്. ഈ ശ്ലോകങ്ങൾ ഉൾപ്പെടെയുള്ള 16 ശ്ലോകങ്ങളാണ് പുരുഷസൂക്തമായി ചൊല്ലുന്നത്.

വേദങ്ങളാണ് ഹിന്ദുമതത്തിന്റെ അടിസ്ഥാന ഗ്രന്ഥം. അവയിൽ ഋഗ്വേദമാണ് ഏറ്റവും ശ്രേഷ്ഠമായി അംഗീകരിക്കപ്പെട്ടിട്ടുള്ളത്. ആ നിലക്ക് പുരുഷസൂക്തത്തിന്റെ സ്ഥാനം എന്തെന്ന് വിശേഷിച്ച് പറയേണ്ടതില്ല.

ലോകത്തുള്ള ജീവജാലങ്ങളെല്ലാം ആദിപുരുഷന്റെ വിവിധ ശരീര ഭാഗങ്ങളിൽ നിന്ന് ഉരുവായി എന്നു പറയുന്നതിനിടയിലാണ് മനുഷ്യവംശത്തിന്റെ ഉല്പത്തിയേക്കുറിച്ച് പറയുന്നത്. ബ്രാഹ്മണൻ ആദിപുരുഷന്റെ മുഖത്തുനിന്നുണ്ടായി. കൈകളിൽ നിന്ന് ക്ഷത്രിയനും തുടകളിൽ നിന്ന് വൈശ്യനും ഉണ്ടായി. പാദത്തിൽ നിന്നാണ് ശൂദ്രൻ ഉണ്ടായത്. അങ്ങനെ ഉത്ഭവം മുതൽ തന്നെ മനുഷ്യർ നാലു ജാതികളാണ് എന്നത്രേ പുരുഷസൂക്തം പറയുന്നത്. ജൻമംകൊണ്ടുതന്നെ ജാതി നിർണ്ണയിക്കപ്പെടുന്നെങ്കിൽ കർമ്മംകൊണ്ട് മാറ്റുന്നതെങ്ങനെ?

പിൽക്കാല വേദങ്ങളുടെ കാലത്ത് ജാതിസമ്പ്രദായം കൂടുതൽ ദൃഢമായി. ബ്രാഹ്മണർ ഭൂമിയിലെ ദേവൻമാരാണെന്ന നില വന്നു. ബ്രാഹ്മണർക്ക് കൊടുക്കുന്നത് ദൈവത്തിന് കൊടുക്കുന്നതിനു തുല്യമായി പരിഗണിക്കപ്പെട്ടിരുന്നു. ഇതിഹാസങ്ങളും പുരാണങ്ങളും എഴുതപ്പെട്ട കാലത്തും ഇതുതന്നെയായിരുന്നു സ്ഥിതി. ശൂദ്രൻ തപസ്സ് ചെയ്തതുനിമിത്തം രാമരാജ്യത്തിൽ ശിശുമരണനിരക്ക് വർദ്ധിച്ചതും തപസ്സ് ചെയ്ത ശൂദ്രനെ വധിച്ചുകൊണ്ട് ശ്രീരാമൻ പ്രശ്നം പരിഹരിച്ചതും രാമായണത്തിൽ വിവരിക്കുന്നുണ്ട്. ശൂദ്രന് വനത്തിൽ ചെന്നിരുന്ന്, മറ്റാർക്കും ശല്യമുണ്ടാക്കാതെ, തപസ്സ് ചെയ്യാൻ പോലും അവകാശമില്ലങ്കിൽ – ശൂദ്രൻ തപസ്സ് ചെയ്താൽ ദേശത്ത് ശിശുമരണം പോലുള്ള അനർത്ഥങ്ങൾ ഉണ്ടാകുമെങ്കിൽ പ്രശ്നം ഗുരുതരമാണ്. രാമായണ കാലത്തേപ്പോലെ, തപസ്സു ചെയ്യുന്ന ശൂദ്രന്റെ തല വെട്ടി പ്രശ്നം പരിഹരിക്കാൻ ഇക്കാലത്ത് പറ്റില്ലല്ലോ.

ജാതിപ്പിശാചിന്റെ ഭീകര രൂപം മറയില്ലാതെ വെളിപ്പെടുന്ന ഗ്രന്ഥമാണ് മനുസ്മൃതി. വഴിവാണിഭക്കാരുടെ കൈയ്യിൽ നിന്ന് നിസ്സാര വിലയ്ക്ക് വാങ്ങാവുന്ന നീതിസാരത്തിലും ജാതിഭേദം നിറഞ്ഞു നിൽക്കുകയാണ്. ചാതുർവർണ്ണ്യം മയാസൃഷ്ടം എന്നത് എത്ര വ്യാഖ്യാനിച്ചാലും സത്യം മറയ്ക്കാനുമാവില്ല.

ഓരോ വ്യക്തിയും തങ്ങൾക്ക് ഇഷ്ടമുള്ള ജോലി ചെയ്യുക എന്നത് തികച്ചും സ്വാഭാവികമാണ്. സഹസ്രാബ്ദങ്ങൾക്കു മുൻപും ഇതുതന്നെയായിരുന്നു സ്ഥിതി. പിതാക്കൻമാർ ചെയ്തുകൊണ്ടിരുന്ന തൊഴിൽ തന്നെ മക്കളും ചെയ്യാനാണ് സാദ്ധ്യത. പക്ഷേ, കാലക്രമത്തിൽ അത് ചട്ടമായിമാറി. തൊഴിലിന്റെ അടിസ്ഥാനത്തിൽ മനുഷ്യനെ വേർതിരിക്കാൻ തുടങ്ങി. ആത്മീയ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തിയിരുന്നവർ ദൈവത്തോട് വളരെ അടുത്തവരാണെന്നും അവർക്ക് അഹിതമായി എന്തെങ്കിലും ചെയ്താൽ ദൈവം കോപിക്കുമെന്നുമുള്ള ധാരണയുണ്ടായി. അങ്ങനെയാണ് ബ്രാഹ്മണർക്ക് മേധാവിത്വമുണ്ടായത്.

അധികാരം കൈയ്യിലുള്ള ക്ഷത്രിയർക്ക് ബ്രാഹ്മണർ ഒഴികെയുള്ളവരെ അടക്കി ഭരിക്കാൻ ബുദ്ധിമുട്ടുണ്ടായില്ല. കൃഷിയും കച്ചവടവും മറ്റും നടത്തി പണം സമ്പാദിച്ചിരുന്ന വൈശ്യർക്കും സമൂഹത്തിൽ മാന്യമായ പദവി ഉണ്ടായിരുന്നു. എന്നാൽ ഈ മൂന്നു കൂട്ടരേയും ഉപജീവിച്ച് കഴിഞ്ഞിരുന്ന ശുദ്രർക്ക് അടിമകളേപ്പോലെ ജീവിക്കേണ്ടതായി വന്നു. ഈ നാലു ജാതിയിലും പെടാത്തവരെ മനുഷ്യരായിപ്പോലും പരിഗണിച്ചിരുന്നില്ല. രാക്ഷസൻമാരെന്നും വാനരൻമാരെന്നും മറ്റും ഇവരെ വിളിക്കാൻ ആര്യൻമാർക്ക് മടിയുണ്ടായതുമില്ല. അടുത്ത കാലം വരെ ഈ സ്ഥിതി തുടരുകയും ചെയ്തു.

ജാതിയുടെ പേരിലുള്ള വിവേചനം ഇന്ത്യൻ ഭരണഘടന അനുവദിക്കുന്നില്ല. അതുകൊണ്ട്, വേദങ്ങളിലും മറ്റും എന്തു തന്നെ പറഞ്ഞിരുന്നാലും ഇന്ത്യൻ ഭരണ ഘടനക്ക് വിരുദ്ധമായ നിലപാടുകൾ അംഗീകരിക്കാൻ സർക്കാരിന് കഴിയുകയുമില്ല. താന്ത്രിക വിദ്യകൾ പഠിച്ച അബ്രാഹ്മണരെ ബ്രാഹ്മണർക്കു തുല്യരായി പരിഗണിക്കേണ്ടതായും വരും.

വസ്തുത ഇതൊക്കെയാണെങ്കിലും നാരായണപ്പണിക്കർ ചൂണ്ടിക്കാട്ടിയ ഒരു യാഥാർത്ഥ്യം അവഗണിക്കാനാവില്ല. നിയമത്തിന്റെ പിൻബലത്തോടെ അബ്രാഹ്മണരെ പൂജാരികളാക്കാൻ കഴിയും. പക്ഷേ, ഒരു നിയമത്തിനും ജനങ്ങളുടെ മന:സ്ഥിതി മാറ്റാനാവില്ല. ഭൂരിപക്ഷം ഹിന്ദുക്കളും ബ്രാഹ്മണരുടെ ബ്രാഹ്മണ്യത്തിന് വില കല്പിക്കുന്നു. തന്ത്രവിദ്യ പഠിച്ചതുകൊണ്ടു മാത്രം അവർ അബ്രാഹ്മണരെ ബ്രാഹ്മണരായി പരിഗണിക്കയില്ല എന്നു ചുരുക്കം. നിയമം മാത്രം കൊണ്ട് പരിഹരിക്കാനാവാത്ത ഒരു പ്രശ്നമാണിത്. ജാതിചിന്ത ജനങ്ങളുടെ മനസ്സിൽ നിന്ന് പോകാതെ ഈ ദുരവസ്ഥക്ക് പരിഹാരം ഉണ്ടാകുകയില്ല എന്നതിന് സംശയമില്ല




## മഞ്ഞാടി ശാരോൻ കള്ളന് കഞ്ഞിവെയ്ക്കും?

തിരുവല്ല മഞ്ഞാടിയിലുള്ള ശാരോൻ സഭ കള്ളനു കഞ്ഞി വെയ്ക്കാനുള്ള പുറപ്പാടിലാണ്. കുപ്രസിദ്ധ വ്യഭിചാരിയും തട്ടിപ്പുവീരനുമായ സുരേഷ് ബാബുവിനാണ് മഞ്ഞാടി സഭ കഞ്ഞി വെയ്ക്കുന്നത്. ശാരോൻ നേതാക്കൻമാരായ ടി.ജി.കോശി, ടി.പി.ഏബ്രഹാം, പെണ്ണൂട്ടി തുടങ്ങിയവരുടെ പിൻതുണ ഉണ്ടെന്നും അറിയുന്നു.

സുരേഷിന് ഈയിടെയായി പ്രോഗ്രാമുകൾ വളരെ കുറവാണ്. റോസമ്മയേപ്പോലുള്ള ഏതാനും ദുർന്നടപ്പുകാർ മാത്രമാണ് സുരേഷിനെ പ്രോഗ്രാമിന് വിളിക്കുന്നത്. സാമാന്യ ബോധമുള്ള വിശ്വാസികൾക്കും ശുശ്രൂഷകൻമാർക്കും സുരേഷിന്റെ തനിനിറം വ്യക്തമായിക്കഴിഞ്ഞു. എന്നിട്ടും ശാരോനിലെ വിഡ്ഢികൾക്കു മാത്രം കാര്യം പിടികിട്ടിയിട്ടില്ല.

മഞ്ഞാടിയിലെ പാസ്റ്റർക്ക് സുരേഷിനെ കൂടിയേ കഴിയൂ എന്നാണ് അറിയാൻ കഴിഞ്ഞത്. അങ്ങനെയെങ്കിൽ ഇയാളുടെ കയ്യിലിരുപ്പ് ശരിയല്ല എന്ന് ഊഹിക്കാം. ഇയാളേപ്പറ്റി ഡിഫെൻഡർ കൂടുതൽ വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കയാണ്. വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കുന്നതാണ്.

# നാഗാലാന്റ് സ്മരണകൾ

1963 ഡിസംബർ 1-ാം തീയതിയാണ് നാഗാലാന്റ് സംസ്ഥാനം നിലവിൽ വന്നത്. ഇന്ത്യയുടെ 16-ാം സംസ്ഥാനമായിരുന്നു ഇത്. 16.579 ചതുരശ്ര കിലോ മീറ്ററാണ് വിസ്തൃതി. കേരളത്തിന്റെ വിസ്തൃതി 38,863 ചതുരശ്ര കിലോമീറ്ററാണ്. അതുകൊണ്ട് കേരളത്തിന്റെ പകുതിയിൽ താഴെയാണ് നാഗാലാന്റിന്റെ വിസ്തൃതിയെന്നു പറയാം. നാഗാലാന്റു സംസ്ഥാനം നിലവിൽവന്ന കാലത്ത് മൂന്ന് ജില്ലകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അവ കൊഹീമ, മൊകോക്ചങ്, ടുൻസാങ് എന്നിവയായിരുന്നു.



1973 ഡിസംബറിൽ ഈ ജില്ലകൾ വിഭജിച്ച് ഏഴെണ്ണമാക്കി. കൊഹീമ, ഫെക്, മൊകോക്ചങ്, സുൻഹെബോട്ടോ, വൊക്ക, ടുൻസാങ്, മോൺ എന്നിവയാണത്. ഇവയിൽ ഏറ്റവും വലുത് ടുൻസാങും ചെറുത് സുൻഹെബോട്ടോയുമാണ്. ജനസംഖ്യ ഏറ്റവും കൂടുതൽ കൊഹീമാ, മൊകോക്ചങ് എന്നീ സ്ഥലങ്ങളിലാണ്.

ഇന്ത്യൻ ഭരണഘടനയനുസരിച്ച് ചില പ്രത്യേക അധികാരങ്ങൾ ഉള്ള സംസ്ഥാനങ്ങളിലൊന്നാണ് നാഗാലാന്റ്. മതം, സംസ്ക്കാരം തുടങ്ങിയ കാര്യങ്ങളിൽ ഇന്ത്യാ ഗവൺമെന്റിനുള്ള അധികാരം പരിമിതമാണ്. കൂടാതെ നാഗന്മാരുടെ സംരക്ഷണത്തിനാവശ്യമായ പല വകുപ്പുകളും ഉൾക്കൊള്ളിച്ചിട്ടുമുണ്ട്. കേന്ദ്രത്തിൽ നിന്നുള്ള സാമ്പത്തിക സഹായത്തിന്റെ കാര്യത്തിലും പ്രത്യേകം പരിഗണനയുണ്ട്. നാഗന്മാരെ ആദായനികുതിയുടെ പരിധിയിൽ നിന്നും ഒഴിവാക്കിയിരിക്കയാണ്.

ടുൻസാങ് ജില്ലയിലുള്ള 'സാരാമതി' മലയാണ് ഏറ്റവും ഉയരമുള്ള കൊടുമുടി. ഉയരം 12,600 അടി. കൊഹീമാ ജില്ലയിലുള്ള 'ജാപ്വോ'യ്ക്ക് രണ്ടാം സ്ഥാനമുണ്ട്. ഉയരം (9,890 അടി), പവോനാ (9,156 അടി), കാപാമെസു (7,970 അടി) എന്നിവയാണ് മറ്റു പ്രധാന മലകൾ. ചെറുതും വലുതുമായ ഒട്ടേറെ മലകൾ വേറെയുമുണ്ട്.

ധാൻസിരി, ദൊയാങ്, ഡിക്കു, മെലാക് തുടങ്ങിയവയാണ് പ്രധാന നദികൾ. ഇവയിൽ പലതിലും അണ കെട്ടുവാനുള്ള പദ്ധതികൾ തയ്യാറാക്കി വരുന്നു. ദൊയാങിൽ പണിയാരംഭിച്ചും കഴിഞ്ഞു. ഇവയെല്ലാം വളരെ ചെറിയ നദികളാണെന്നതും എടുത്തുപറയേണ്ട കാര്യം തന്നെ.

പെട്രോളിയം, കല്ക്കരി, ചുണ്ണാമ്പുകല്ല് തുടങ്ങിയവയുടെ വലിയൊരു ശേഖരം നാഗാലാന്റിലുണ്ടെന്നു കണക്കാക്കപ്പെട്ടിട്ടുണ്ട്. പക്ഷെ ഇവയൊന്നും ഫലപ്രദമായ രീതിയിൽ ഖനനം ചെയ്യപ്പെടുന്നില്ല.

ദിമാപൂർ ഒഴികെയുള്ള നാഗാലാന്റ് ഒരു തണുപ്പു രാജ്യമാണ്. പുതയ്ക്കാതെ ഉറങ്ങുക സാദ്ധ്യമല്ല. ഒക്ടോബർ മുതൽ മാർച്ചുവരെ കഠിനമായ തണുപ്പായിരിക്കും. ഏപ്രിൽ മുതൽ ഒക്ടോബർ വരെ ദിമാപൂരിൽ നല്ല ചൂടാണ്. ബാക്കിയുള്ള കാലം സാമാന്യം തണുപ്പുണ്ടായിരിക്കുമെന്നു മാത്രം.

ഒരു കാലത്ത് അനേകം കാട്ടുമൃഗങ്ങളും പക്ഷികളും മറ്റും നിറഞ്ഞ ഒരു പ്രദേശമായിരുന്നു നാഗാലാന്റ്. പക്ഷേ ഇന്ന് അതല്ല അവസ്ഥ. ഓരോ വീട്ടിലും ഒന്നോ രണ്ടോ തോക്കുണ്ട്. നിയന്ത്രണമില്ലാത്ത വേട്ട മൂലം മിക്ക ജീവികളും നാമാവശേഷമായി. നാഗന്മാർ മിക്ക ജീവികളെയും തിന്നും. ആനയിറച്ചി തിന്നാൽ കൊള്ളില്ലെന്ന ധാരണ ശരിയല്ല. വളരെ നല്ല ഇറച്ചിയാണെന്ന് അനുഭവസ്ഥർ പറയുന്നു. പക്ഷികൾ നാഗാലാന്റിൽ ഇല്ലാതായിട്ടു വർഷങ്ങളായി. തിന്നു തീർത്തതാണ്. നദികളിൽ മീനും കുറവാണ്.

നാഗാലാന്റിലെ വനങ്ങളുടെ കഥയാണ് ഏറെ ദയനീയം. പത്തോ പതിനഞ്ചോ വർഷത്തിലധികം പഴക്കമുള്ള വനം കണ്ടുകിട്ടാൻ പ്രയാസം. നാഗന്മാരുടെ കൃഷിരീതിയാണ് ഈ ദയനീയാവസ്ഥക്കു കാരണം. ഓരോ കൊല്ലവും ഓരോ സ്ഥലത്താണു കൃഷി.

ഒരു ഗ്രാമത്തിന്റെ വകയായി പല മലകളുണ്ടായിരിക്കും. എല്ലാ മലയിലും ഗ്രാമത്തിലെ എല്ലാ കുടുംബക്കാർക്കും സ്ഥലമുണ്ട്. ഏതു മലയാണ് കൃഷി ചെയ്യേണ്ടതെന്ന് എല്ലാവരും കൂടിയാലോചിച്ചു തീരുമാനിക്കും. അതുകഴിഞ്ഞ് കാട് വെട്ടിത്തെളിക്കും. ഒരു ദിവസം അവർ മലയ്ക്കു തീവെയ്ക്കും. എല്ലാം കത്തിത്തീരും. വിത്തുവിതയ്ക്കൽ, കളപറിയക്കൽ, കൊയ്ത്ത് തുടങ്ങിയവയെല്ലാം മുറയ്ക്കു നടക്കും. അതുകഴിഞ്ഞു ആ സ്ഥലം ഉപേക്ഷിക്കുന്നു. അടുത്ത പത്തോ പതിനഞ്ചോ കൊല്ലത്തേയ്ക്ക് ആ വഴിക്കില്ല. കൃഷിക്കു വളം ചേർക്കയും മറ്റും വേണ്ട എന്നതാണു മെച്ചം. ബാക്കിയെല്ലാം ദോഷം മാത്രം. വനനശീകരണം, മണ്ണൊലിപ്പ്, അധികജോലിഭാരം എന്നിങ്ങനെ ദോഷങ്ങളുടെ ഒരു നീണ്ട പട്ടികതന്നെ നിരത്താനാവും. പക്ഷെ ഇതൊന്നും നാഗന്റെ ചെവിയിൽ കയറില്ല.

കൃഷി ഈ വിധമായതുകൊണ്ടു സ്ഥിരം കൃഷികളൊന്നും ഇല്ല. എല്ലാം ഒരു വർഷംകൊണ്ടു വിളവെടുക്കാവുന്നവയായിരിക്കും. തേയില, കാപ്പി, റബ്ബർ തുടങ്ങി പലതരം കൃഷികൾ നടത്താൻ ഗവൺമെന്റ് ലോൺ കൊടുക്കാറുണ്ട്. അവയെല്ലാം ഇവർ സന്തോഷത്തോടെ വാങ്ങി ശാപ്പിടും. അത്രതന്നെ. പിന്നെങ്ങനെ ലോൺ തിരിച്ചടയ്ക്കും എന്നു ചോദിച്ചേക്കാം. ബുദ്ധിഹീനരേ, തിരിച്ചടയ്ക്കാനായി നാഗൻ ലോണെടുക്കാറില്ല എന്നു ഗ്രഹിക്കുവിൻ.

വനം ഇങ്ങനെ വെട്ടി നശിപ്പിക്കുന്നതു തടയാൻ നിയമം മൂലം ശ്രമിക്കരുതോ എന്നു സംശയം തോന്നാം. സംശയം ന്യായമായതു തന്നെ. പക്ഷേ അതു നാഗാലാന്റിൽ നടപ്പില്ല എന്നു പറഞ്ഞാൽ മതിയല്ലോ. പരമ്പരാഗതമായി നടത്തിവരുന്ന ഈ മോബേൽ കൃഷി നിർത്താൻ നിയമമുണ്ടാക്കിയാൽ അന്നു നാഗാലാന്റിലൂടെ രക്തം പുഴപോലൊഴുകും. അത്ര ഗുരുതരമാണ് പ്രശ്നം.

ആറായിരത്തിലധികം ചതുരശ്രമൈൽ വനമുള്ള നാഗാലാന്റിൽ സർക്കാർ വനം എത്രയുണ്ടെന്നറിയാമോ? കേവലം 136 ചതുരശ്ര മൈൽ മാത്രം. ബാക്കി മുഴുവൻ സ്വകാര്യ വനമാണ്. അന്യന്റെ കാട്ടിലെ തടി വെട്ടണമോ വേണ്ടയോ എന്ന് തീരുമാനിക്കാൻ സർക്കാരിനെന്തവകാശം? അതുകൊണ്ടു നാഗന്റെ വനം, അവൻ വെട്ടുന്നു. ഇഷ്ടംപോലെ വെട്ടട്ടെ എന്നതാണ് ഗവൺമെന്റിന്റെ നയം.

വനസംരക്ഷണത്തിനായി ആണ്ടുതോറും നല്ലൊരു തുക, കേരളത്തിലേപ്പോലെ തന്നെ, നാഗാലാന്റിലും മുടക്കുന്നുണ്ട്. അതു ചെലവാകുന്നതും കേരളത്തിലെപ്പോലെ തന്നെ. ഇക്കാര്യത്തിൽ കേരളവും നാഗാലാന്റും ഒരു പോലെയാണ്.

ഭാഷകൾ പഠിക്കാൻ കുട്ടികൾക്കുള്ള കഴിവ് അത്ഭുതകരമാണ്. ഒരു വർഷം നാഗാലാന്റിൽ ജീവിച്ചിട്ടും എനിക്ക് കാര്യമായൊന്നും പഠിക്കാൻ കഴിഞ്ഞില്ല. എന്നാൽ നാഗാലാന്റിൽ എത്തി രണ്ടാഴ്ച കഴിയുന്നതിനു മുൻപുതന്നെ എന്റെ കുട്ടികൾ അവിടത്തെ ഭാഷ പഠിക്കുവാൻ ആരംഭിച്ചു. ആറുമാസത്തിനകം രണ്ടുപേരും 'ലോത്താ' ഭാഷയിൽ നന്നായി സംസാരിക്കാമെന്ന നിലയിലെത്തി. നാഗന്മാരല്ലാവർ സാധാരണയായി നാഗാമീസ് പഠിക്കുമെങ്കിലും ഇതര ഗോത്ര ഭാഷകൾ വശമാക്കുവാൻ ശ്രമിക്ക പതിവില്ല. ഇക്കാരണത്താൽ എന്റെ കുട്ടികൾ ലോത്താ ഗോത്രത്തിന്റെ ഭാഷയിൽ സംസാരിക്കുന്നു എന്നത് നാഗന്മാർക്കുതന്നെ അത്ഭുതകരമായി തോന്നി.

നാഗാലാന്റിലെ ട്യൂഷൻ വ്യവസായത്തെപ്പറ്റി മുൻപു പറഞ്ഞുകഴിഞ്ഞല്ലോ. ശമ്പളം കൊണ്ടു ജീവിക്കാൻ ബുദ്ധിമുട്ടാകയാൽ മിക്കവരും കുറച്ചു ട്യൂഷനൊക്കെയെടുക്കും. ട്യൂഷനു കുട്ടികളെക്കിട്ടാൻ അദ്ധ്യാപകർ ചിലപൊടിക്കൈകൾ പ്രയോഗിക്ക പതിവാണ്. സ്കൂളിലെ പഠിപ്പിക്കൽ ഉഴപ്പുക, ട്യൂഷനെടുക്കാത്ത കുട്ടികൾക്ക് മാർക്ക് കുറയ്ക്കുക, ട്യൂഷനെടുക്കുന്ന കുട്ടികൾക്ക് ചോദ്യക്കടലാസ് ചോർത്തിക്കൊടുക്കുക, അങ്ങനെ പലതും. ഇത്തരം പല പരാതികളും ഉണ്ടാകുകയെന്നതും സാധാരണം തന്നെ. പക്ഷേ 1985-ൽ കാര്യം കുറച്ചുകൂടി ഗൗരവമുള്ളതായിത്തീർന്നു.

നാഗാ സ്റ്റുഡൻസ് ഫെഡറേഷൻ (N.S.F) ഈ വിഷയത്തിലിടപെടാൻ തീരുമാനിച്ചു. നമ്മുടെ നാട്ടിലുള്ളതുപോലെ രാഷ്ട്രീയ പാർട്ടികളുടെ ചട്ടുകങ്ങളായുള്ള വിദ്യാർത്ഥിസംഘടനകൾ നാഗാലാന്റിലില്ല. ഓരോ ഗോത്രത്തിനും ഓരോ വിദ്യാർ

(പേജ് 7 ............)




നിങ്ങൾക്കും ഒരു വെബ്സൈറ്റ്
വെറും 1500 രൂപയ്ക്ക്
No Hidden Costs
വിളിക്കൂ: 94474 14608

# നാഗാലാന്റ് സ്മരണകൾ .........

ത്ഥിസംഘടനയെന്നതാണു രീതി. ഓരോ ഗോത്രത്തിലും അതാതു ഗ്രാമത്തിന്റെ സംഘടനയുണ്ട്. ഇങ്ങനെയുള്ള പല ഗ്രാമങ്ങൾ ഒന്നു ചേർന്ന് ഓരോ പ്രദേശത്തിനും ഓരോ പൊതു സംഘടനയുണ്ടാക്കും. ഇപ്രകാരമുള്ള പ്രാദേശിക സംഘങ്ങളെല്ലാം കൂടി അതാതു ഗോത്രത്തിന്റെ യൂണിയനുണ്ടാക്കുന്നു. വൊക്കയിൽ ലോത്താ സ്റ്റുഡൻസ് യൂണിയൻ, കൊഹീമയിൽ അൻഗാമി സ്റ്റുഡൻസ് യൂണിയൻ എന്നിങ്ങനെ. ഇങ്ങനെയുള്ളവയെല്ലാം ഒന്നു ചേർന്ന യൂണിയനാണ് N.S.F. അപ്പോൾ N.S.F എത്ര ശക്തിയുള്ളതാണെന്ന് പറയേണ്ടതില്ലല്ലോ.

N.S.F ന്റെ തീരുമാനങ്ങളെ വെല്ലുവിളിക്കാൻ ഗവൺമെന്റോ രാഷ്ട്രീയ പാർട്ടികളോ വളരെ വിരളമായേ മുതിരാറുള്ളു. ഇങ്ങനെയുള്ള N.S.F ആണ് നാഗാലാന്റിൽ ട്യൂഷനേർപ്പാടു നിരോധിച്ചുകൊണ്ട് ഉത്തരവിറക്കിയത്. തിരുവായ്ക്കെതിർവായില്ല. എല്ലാവരും ട്യൂഷൻ നിർത്തി. അതോടെ ഞങ്ങളുടെ നില പരുങ്ങലിലായി. ശമ്പളംകൊണ്ട് തികയില്ല. മറ്റ് ആദായമാർഗ്ഗങ്ങളൊന്നുമില്ല. എന്തു ചെയ്യും?

ഏതെങ്കിലുമൊരു സ്കൂളിൽ ഹെഡ്മാസ്റ്ററായാൽ അല്പംകൂടി ഉയർന്ന ശമ്പളം ലഭിക്കും. കൂടാതെ സൗജന്യ താമസസൗകര്യവും ലഭിക്കാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് അതിനുള്ള ശ്രമം ആരംഭിച്ചു.

വിഷയം ദൈവമുൻപാകെവച്ച് നന്നായി പ്രാർത്ഥിക്കയാണ് ചെയ്തത്. അതല്ലാതെ എന്തുചെയ്യാൻ? ഹെഡ്മാസ്റ്ററെ വേണോ എന്നു വിളിച്ച് ചോദിച്ചുകൊണ്ടു നടക്കാൻ സാധിക്കയില്ലല്ലോ. ഞാൻ താമസിയാതെ ഹെഡ്മാസ്റ്ററാകാൻ പോകുന്നു എന്ന് സ്നേഹിതരെയെല്ലാം അറിയിച്ചു. എന്റെ പ്രാർത്ഥനകേട്ട് ദൈവം എനിക്കായി പ്രവർത്തിക്കുമെന്ന് എനിക്ക് ഉറച്ച വിശ്വാസമുണ്ടായിരുന്നു.

ആയിടയ്ക്കാണ് 'മേരാപ്പാനിയുദ്ധം' പൊട്ടിപ്പുറപ്പെട്ടത്. അത്തരമൊരു യുദ്ധത്തെക്കുറിച്ച് കേട്ടിട്ടില്ലായിരിക്കാം. മലയാളപത്രങ്ങൾ ഉൾപ്പെടെയെല്ലാ പത്രങ്ങളിലും ഇതു സംബന്ധിച്ച വാർത്തകൾ വന്നിട്ടുണ്ട്. സംഭവം ഇപ്രകാരമാണ്.

നാഗാജില്ലയിലുണ്ടായിരുന്ന പ്രദേശങ്ങൾ അതേപടി നാഗാലാന്റിന്റെ ഭാഗമാക്കുകയാണ് സംസ്ഥാന രൂപീകരണ സമയത്തു ചെയ്തത്. അങ്ങനെ, നാഗന്മാർ പാർത്തിരുന്ന പല പ്രദേശങ്ങളും നാഗാലാന്റിലുൾപ്പെടാതെ പോയി. അത്തരമൊരു പ്രദേശമാണ് വൊക്ക ജില്ലയോടു തൊട്ടുകിടക്കുന്ന 'മേരാപ്പാനി' പ്രദേശം. 'നാഗന്മാർ അവരുടേതെന്നും അസ്സാമികൾ അവരുടേതെന്നും അവകാശപ്പെട്ടുവരുന്ന ഈ പ്രദേശത്തെക്കുറിച്ചുള്ള തർക്കം ഇരു സംസ്ഥാനങ്ങളും തമ്മിലുള്ള യുദ്ധത്തിൽ കലാശിച്ചു.'

ഇരു സംസ്ഥാനങ്ങളുടേയും പോലീസ് മേരാപ്പാനിയിലേയ്ക്കു കുതിച്ചു. അസ്സാമിലുണ്ടായിരുന്ന C.R.P ക്കാരും അസ്സാമിനോടൊപ്പം നിന്നു പൊരുതി. നാഗാലാന്റിലുണ്ടായിരുന്ന C.R.Pക്കാർ നാഗാലാന്റിനെ സഹായിക്കാൻ തയ്യാറായി എത്തിയെങ്കിലും വൊക്കയിലെ D.C(ജില്ലാഭരണാധികാരി) അതിനനുവദിച്ചില്ല. പകരം അവർ 'വില്ലേജ് ഗാർഡ്സ് (V.G) എന്ന പേരിലറിയപ്പെടുന്ന കിരാതന്മാരായ കൊൻയാക്കുകളെ കൊണ്ടുവന്നു. കൊൻയാക് ഗോത്രം നാഗാലാന്റിലെ ഏറ്റവും അപരിഷ്കൃതരായ കൂട്ടരാണ്. അവരിൽ നല്ലൊരുപങ്ക് പഴയ N.N.C (ഒളിപ്പോരാളികൾ) യിലുണ്ടായിരുന്നു. അവരെയെല്ലാം ചേർത്ത് ഒരു അർദ്ധസൈന്യവിഭാഗം ഉണ്ടാക്കിയിട്ടുണ്ട്. ഇവരാണ് V.G. വലിയ ബുദ്ധിയും ബോധവുമൊന്നുമില്ലാത്തതിനാൽ ഭയവും ഇക്കൂട്ടർക്ക് കുറവാണ്. കൂടാതെ തലവെട്ടു പാരമ്പര്യവും കൂടപ്പിറപ്പായുണ്ട്. മുൻപൊരദ്ധ്യായത്തിൽ വിവരിച്ച 'കർട്ടൻ' ആണ് മിക്കവരുടേയും വേഷം. തോക്കും കുന്തവും വെട്ടുകത്തിയുമാണ് ആയുധങ്ങൾ. കൂലിക്ക് പോരാടാനെത്തിയ ആസ്സാം പോലീസും C.R.P യും ഇവരെക്കണ്ടു പേടിച്ചോടി. "മാതൃരാജ്യത്തിനായി വീര്യത്തോടെ പോരാടിയ നാഗന്മാരുടെ മുൻപിൽ നിൽക്കാൻ അസ്സാമികൾക്കു കഴിഞ്ഞില്ല. കൊൻയാക്കുകൾ കണ്ണിൽക്കണ്ടവരെയെല്ലാം വെട്ടിനുറുക്കി. ഗ്രാമങ്ങൾ തീവെച്ചു നശിപ്പിച്ചു. അങ്ങനെ ഈ യുദ്ധത്തിൽ നാഗാലാന്റ് ജയിച്ചു. എങ്കിലും തർക്കം ഇതുവരെ പരിഹരിച്ചിട്ടില്ല. ഇപ്പോഴും മേരാപ്പാനിപ്രദേശം B.S.F ന്റെ മേൽനോട്ടത്തിലാണുതാനും.

ഈ യുദ്ധം നടക്കുന്ന കാലത്ത് നാഗാലാന്റിലുണ്ടായിരുന്ന അനേകം അസ്സാമികൾ ജീവനുംകൊണ്ടു സ്ഥലം വിട്ടു. വൊക്ക-മേരാപ്പാനി റൂട്ടിലുള്ള സാനീസ് എന്ന ഗ്രാമത്തിലെ ബാപ്റ്റിസ്റ്റ് സ്കൂളിന്റെ ഹെഡ്മാസ്റ്ററും ഇപ്രകാരം ഒളിച്ചോടിയവരിലൊരാളാണ്. യുദ്ധം കഴിഞ്ഞിട്ടും അയാൾ മടങ്ങിവന്നില്ല. അങ്ങനെ ആ സ്കൂളിൽ ഒരു ഹെഡ്മാസ്റ്ററെ ആവശ്യമായിത്തീർന്നു.

ഒരു ഹെഡ്മാസ്റ്ററെ അന്വേഷിച്ചു വൊക്ക പട്ടണത്തിലെത്തിയ ഗ്രാമക്കാർ എന്റെ ഒരു സ്നേഹിതനായ ജോയിസാറിൽ നിന്നും എന്നെക്കുറിച്ചു കേട്ടു. ഏറെത്താമസിയാതെ അവർ എന്നെ സമീപിച്ചു. സൗജന്യ താമസ സൗകര്യവും സാമാന്യം നല്ല ശമ്പളവും അവർ നല്കാമെന്നേല്ക്കയാൽ ഞാൻ സമ്മതം മൂളി. അങ്ങനെ ഞാൻ വൊക്കയിലെ ജോലി രാജിവച്ച് സാനീസിലേയ്ക്കു യാത്രയായി. എന്റെ പ്രർത്ഥന ദൈവം കേട്ടു. ഞാൻ ഹെഡ്മാസ്റ്ററായി.

സാനീസ് ഗ്രാമത്തിലുള്ളവർ ബാപ്റ്റിസ്റ്റ് വിഭാഗക്കാരായ ക്രിസ്ത്യാനികളാണ്. അവരുടെ പള്ളിവകയാണ് ഈ സ്കൂൾ. അവർ എനിക്ക് പള്ളിയുടെ സമീപത്തുതന്നെ വീടു ക്രമീകരിച്ചു തന്നു. ഗ്രാമത്തിലുള്ളവർക്ക് ഞങ്ങളേയും ഞങ്ങൾക്കു ഗ്രാമക്കാരേയും ഇഷ്ടമായി. മിക്കവർക്കും ഇംഗ്ലീഷ് വശമില്ലാത്തതിനാൽ സംസാരിക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്നു എന്നു മാത്രം.

രാവിലെ ഏഴുമണി മുതൽ 12-മണിവരെയാണ് ക്ലാസ്. അതുകഴിഞ്ഞാൽ അധികമൊന്നും ചെയ്യാനില്ല. ആ പ്രദേശത്തും രണ്ടുമൂന്നു മലയാളികളുണ്ടായിരുന്നു. ചിലപ്പോഴെല്ലാം അവരെ കാണാൻ പോകും. മാസത്തിലൊരിക്കൽ വൊക്കയിൽ പോകും. പിറ്റേ ദിവസം തന്നെ തിരിച്ചെത്തും.

മിക്ക നാഗാഗ്രാമങ്ങളേയുംപോലെതന്നെ സാനീസും ഒരു മലമുകളിലായിരുന്നു. അതുകൊണ്ട് വെള്ളത്തിനു മാത്രം ബുദ്ധിമുട്ടുണ്ടായി. വിറക് നിസ്സാരവിലയ്ക്കു കിട്ടും. പച്ചക്കറികൾക്ക് അധികം വിലയില്ല. ഇവ രണ്ടും ചിലപ്പോഴൊക്കെ സൗജന്യമായും കിട്ടിയിരുന്നു. പള്ളിയിൽ നിന്നും സൗജന്യനിരക്കിൽ 50 പാട്ട നെല്ലു കിട്ടിയതുകൊണ്ടു അരിക്കും ബുദ്ധിമുട്ടുണ്ടായില്ല. മീൻ കിട്ടാനില്ല. ഇറച്ചി തൊലി സഹിതം കിട്ടും. വെറുതെയിരുന്നു മടുത്തു എന്നല്ലാതെ മറ്റ് കുഴപ്പങ്ങളൊന്നും ഇല്ലായിരുന്നു. ആകെക്കൂടി സമാധാനപരമായ ജീവിതം.

## ആ കല്ല് അവിടെയിരിക്കട്ടെ

ഒരു സംഭവകഥയാണ് പറയാൻ പോകുന്നത്. എന്നു നടന്നു, എവിടെ നടന്നു എന്നൊന്നും പറയുന്നില്ല. ഈ കഥയിലെ കഥാപാത്രങ്ങളെല്ലാം ജീവനോടെ ഉണ്ടെന്നു മാത്രം പറയാം.

പെന്തക്കോസ്ത് വിശ്വാസിയായ ഒരാളുടെ വീട്ടിൽ യോഗം നടക്കുകയാണ്. വീട്ടുടമസ്ഥന്റെ ബന്ധുവായ ഒരു പാസ്റ്റർ ക്ഷണിക്കപ്പെടാത്ത അതിഥിയായി എത്തിയിട്ടുമുണ്ട്. അതിഥിക്ക് പ്രസംഗിക്കാൻ സമയം കൊടുക്കുക എന്നത് തികച്ചും ന്യായമായ കാര്യമാണല്ലോ. അതുകൊണ്ട് സ്ഥലം സഭയുടെ പാസ്റ്റർ അതിഥിയെ പ്രസംഗിക്കാൻ ക്ഷണിച്ചു.

ഏലിയാവ് കർമ്മേലിൽ നടത്തിയ യാഗമാണ് അതിഥിയുടെ പ്രസംഗ വിഷയം. യിസ്രായേൽ ഗോത്രത്തിന്റെ സംഖ്യക്ക് അനുസരിച്ച് 12 കല്ല് എടുത്തുവെച്ച് ഏലിയാവ് യാഗപീഠം ഉണ്ടാക്കിയ കാര്യമാണ് വിവരിക്കുന്നത്. ഏലിയാവ് ഒന്നാമത്തെ കല്ല് എടുത്തു. (കുനിഞ്ഞ് കല്ലെടുക്കുന്നതായി അഭിനയിച്ചുകൊണ്ടാണ് പ്രസംഗം). അതാ കല്ലിനടിയിൽ ഒരു നീർക്കോലി. പിന്നീട് നീർക്കോലിയേക്കുറിച്ചായി പ്രസംഗം. നീർക്കോലിയുടെ ഗുണദോഷങ്ങൾ വിവരിച്ചു. നീർക്കോലി കടിച്ചാലും അത്താഴം മുടങ്ങുമെന്ന വസ്തുതയും പറഞ്ഞു. "അങ്ങനെയുള്ള ചില നീർക്കോലികളൊക്കെ പ്രസംഗം കേട്ടുകൊണ്ട് ഇവിടെ ഇരിപ്പുണ്ട്"എന്നുകൂടി പറഞ്ഞതോടെ പാസ്ററർക്ക് ഭയമായി. സഭയിൽ ഒരു പ്രശ്നമുണ്ടാകാൻ ഇതുമതി. ഏതായാലും നീർക്കോലിയുടെ കടിയേൽക്കാതെ ആദ്യ കല്ല് വെയ്ക്കാൻ ഏലിയാവിന് കഴിഞ്ഞു.

ഏലിയാവ് രണ്ടാമത്തെ കല്ലെടുത്തു. (ആംഗ്യം ഉണ്ട്). അതിനടിയിൽ ഇതാ ഒരു തേള്. അവന്റെ വിഷം വാലിലാണ്. പിന്നെ അതേപ്പറ്റിയായി പ്രസംഗം. സന്നിഹിതരായിരിക്കുന്ന ആത്മീയ തേളുകളേക്കുറിച്ചുകൂടി പറഞ്ഞിട്ട് ആ കല്ല് യഥാസ്ഥാനത്തുവെച്ചു.

മൂന്നാമത്തെ കല്ല് (ആംഗ്യ സഹിതം) എടുത്തപ്പോൾ അടിയിൽ ഒരു തവള. ഈ ചങ്ങാതി വെള്ളത്തിലും ജീവിക്കും, കരയിലും ജീവിക്കും. അത് ആത്മീയമാക്കി അവതരിപ്പിച്ചു. അത്തരക്കാരും സഭയിലുണ്ടെന്നു പറയുകയും ചെയ്തു.

ഇത്രയുമായപ്പോൾ സ്ഥലം പാസ്റ്റർക്ക് സഹികെട്ടു. 12 കല്ലും എടുക്കാൻ കുറെയേറെ സമയം വേണ്ടിവരും. അതിന്റെയൊക്കെ അടിയിൽ എന്തൊക്കെ മുസീബത്തുകളാണുള്ളതെന്ന് ഊഹിക്കാനും കഴിയുന്നില്ല. അതുകൊണ്ട് ബാക്കിയുള്ള കല്ലുകൾ അനക്കാതിരിക്കയാണ് ബുദ്ധി. നാലാമത്തെ കല്ല് ആംഗ്യ സഹിതം എടുക്കാൻ അതിഥി കുനിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ചെവി നിലത്തിരിക്കുന്ന പാസ്റ്ററുടെ വായുടെ സമീപത്തെത്തി. അവസരം പാഴാക്കാതെ പാസ്റ്റർ അതിഥിയുടെ ചെവിയിൽ പറഞ്ഞു: "ആ കല്ല് അവിടെയിരിക്കട്ടെ".

അതിഥി ചമ്മിപ്പോയി. കല്ലുയർത്താനുള്ള ബലം ചോർന്നു പോയി. "എന്റെ വാക്കുകളെ ഞാൻ ഇവിടെ ഉപസംഹരിക്കുന്നു" എന്നു പറഞ്ഞിട്ട് അതിഥി നിലത്തിരുന്നു.




## ക്രൈസ്തവചിന്ത സത്യം പറഞ്ഞു

ഒടുവിൽ ക്രൈസ്തവചിന്ത സത്യം പറഞ്ഞു. ക്രൈസ്തവചിന്ത മാത്രമാണ് സത്യം പറഞ്ഞതെന്നുപോലും പറയാം. ക്രൈസ്തവ ചിന്തയുടെ ജനുവരി ലക്കത്തിലെ മുഖ്യ വാർത്തയേക്കുറിച്ചാണ് പറഞ്ഞു വരുന്നത്.

ശതാബ്ദി സമ്മേളനത്തിൽ എത്ര ആളുകൾ പങ്കെടുത്തു? "പതിനായിരങ്ങൾ പങ്കെടുത്തു" എന്ന് ക്രൈസ്തവചിന്ത പറയുന്നു. ക്രൈസ്തവചിന്തയുടെ എഡിറ്റർ കെ.എൻ.റസ്സലാണ്. റസ്സൽ പി.സി.ഐ.യുടെ ജനറൽ സെക്രട്ടറിയുമാണ്. അതുകൊണ്ട് ഈ കണക്ക് വിശ്വസിക്കാം.

പത്തുലക്ഷം ആളുകൾ പങ്കെടുക്കും എന്നാണ് സംഘാടകർ അവകാശപ്പെട്ടിരുന്നത്. ദിവസം മൂന്നുനേരമെങ്കിലും എണ്ണാതെ ഈ സംഖ്യ തികയ്ക്കാൻ പറ്റില്ല എന്ന് ഡിഫെൻഡർ പറഞ്ഞിരുന്നു. അത് ശരിയാണെന്ന് റസ്സൽ ഇതാ സമ്മതിക്കുന്നു. സത്യം തുറന്നു പറഞ്ഞതിന് നന്ദി.

